സംയോജിത ഖരമാലിന്യ പരിപാലന പ്രവർത്തന തന്ത്രം

കേരളം

*സംസ്ഥാനത്തുണ്ടാകുന്ന വിവിധതര ഖരമാലിന്യങ്ങളുടെ ശേഖരണം,
സംസ്കരണം, നിർമ്മാർജ്ജനം എന്നിവയ്ക്കായുള്ള സമ്പൂർണ്ണ പരിഹാരം*

ഉള്ളടക്കം

1 ആമുഖം ....
2 ഖര ദ്രവ മാലിന്യ പരിപാലനം ....
2.1 ഖരമാലിന്യങ്ങളുടെ തരംതിരിവ് ....
2.2 പ്ലാസ്റ്റിക് മാലിന്യങ്ങൾ ....
2.2.1 നിർവ്വചനം..
2.2.2 പ്രതിവിധികൾ ....
2.2.3 പ്രവർത്തനതന്ത്രം..
2.3 പ്ലാസ്റ്റിക് ഒഴികെയുള്ള അജൈവമാലിന്യം ....
2.3.1 നിർവ്വചനം..
2.3.2 പ്രതിവിധികൾ ....
2.3.3 പ്രവർത്തനതന്ത്രം..
2.4 നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ..
2.4.1 നിർവ്വചനം..
2.4.2 പ്രതിവിധികൾ ....
2.4.3 പ്രവർത്തനതന്ത്രം..
2.5 അടുക്കള മാലിന്യം ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ കൂടികലർന്ന മാലിന്യങ്ങളും പരമ്പരാഗത മാലിന്യങ്ങളും ....
2.5.1 നിർവ്വചനം..
2.5.2 പ്രതിവിധികൾ ....
2.5.3 പ്രവർത്തനതന്ത്രം..
2.6 അറവുശാല മാലിന്യം..
2.6.1 നിർവ്വചനം..
2.6.2 പ്രതിവിധികൾ ....
2.6.3 പ്രവർത്തനതന്ത്രം..
2.7 വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ..
2.7.1 നിർവ്വചനം..
2.7.2 പ്രതിവിധികൾ ....
2.7.3 പ്രവർത്തനതന്ത്രം..
2.8 സാനിട്ടറി ലാന്റ് ഫില്ലിംഗ് നയങ്ങൾ..
2.8.1 നിർവ്വചനം..
2.8.2 പ്രതിവിധികൾ..
2.8.3 പ്രവർത്തനതന്ത്രം..
അനുബന്ധം ....

List of Tables

Table 1: Managing C&D waste ....

1. ആമുഖം

കേരളത്തിൽ ആകെ 6 മുനിസിപ്പൽ കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും,941 ഗ്രാമപഞ്ചായത്തുകളും 77 താലൂക്കുകളും 14 ജില്ലാ പഞ്ചായത്തുകളുമാണ് ഉള്ളത്. സംസ്ഥാനത്തെ ആകെ വാർഷിക മാലിന്യോത്പാദനത്തിന്റെ അളവ് 3.7 ദശലക്ഷം ടൺ ആണ്. ഇതിൽ ജൈവമാലിന്യത്തിന്റേയും, അജൈവമാലിന്യത്തിന്റേയും പങ്ക് യഥാക്രമം 69 % വും 31 % വുമാണ്. ജൈവമാലിന്യങ്ങളിലെ ഈർപ്പത്തിന്റെ തോത് ഏകദേശം 70% വരും. ആകെ മാലിന്യത്തിന്റെ 31% ത്തോളം വരുന്ന അജൈവമാലിന്യത്തിൽ ജ്വലനശേഷിയുള്ളവയുടേയും അല്ലാത്തവയുടേയും പങ്ക് യഥാക്രമം 79.2 % വും 20.8 %വുമാണ്.

ജൈവമാലിന്യങ്ങൾ ആളുകൾ സ്വന്തം ഉത്തരവാദിത്തത്തിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന രീതിയാണ് നിലവിൽ മാലിന്യ പരിപാലനത്തിന് സംസ്ഥാനത്ത് അവലംബിച്ചിരിക്കുന്നത്. അവരവരുടെ മാലിന്യത്തിന്റെ ഉത്തരവാദിത്തം അവരവർ ഏറ്റെടുത്ത് ഉറവിടത്തിൽ തന്നെ തരംതിരിച്ചിരിക്കുകയും ജൈവമാലിന്യങ്ങൾ അവരവരുടെ വീടിന് ചുറ്റുവട്ടത്ത് തന്നെ സംസ്കരിക്കുകയും ചെയ്യുന്ന ഉത്തരവാദിത്തപൂർണ്ണമായ സമീപനം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനായാണ് 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തം' എന്ന സമീപനത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ചത്. മാലിന്യ പരിപാലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം എന്നുപറയുന്നത് അജൈവമാലിന്യങ്ങൾ ശേഖരിച്ച് അവ പുനഃചംക്രമണത്തിനായി കൈമാറുന്നതിനും വൻകിട മാലിന്യ ഉല്പാദകരിൽ നിന്നുമുള്ള ജൈവമാലിന്യ ശേഖരണത്തിലുമായി പരിമിതപ്പെട്ടിരിക്കുന്നു. സമീപകാലത്ത് സംസ്ഥാനത്തെ 12 നഗരപ്രദേശങ്ങളിൽ നടന്ന വിവര ശേഖരണം സൂചിപ്പിക്കുന്നതിന് ഏകദേശം 10% വീടുകളിൽ ഉറവിടമാലിന്യ സംസ്കരണം നടക്കുന്നുവെന്നാണ്.

മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കുന്ന കാര്യത്തിലും ആയതിന്റെ ആവശ്യകത എന്താണെന്ന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിലും അത് കൃത്യമായും കാര്യക്ഷമമായും, വേഗത്തിലും എങ്ങനെ ചെയ്യുന്നുവെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തി അവരെകൊണ്ട് അത് ചെയ്യിപ്പിക്കുന്ന കാര്യത്തിലും വളരെ നിർണ്ണായകമായ മുന്നേറ്റം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.

നിലവിലെ മാലിന്യപരിപാലനരീതിയിൽ കാണുന്ന പ്രധാന വെല്ലുവിളികളും പ്രശ്നങ്ങളും

- ഗാർഹിക തല ജൈവമാലിന്യത്തിന്റെ ഉറവിട സംസ്കരണം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള നയം
- മികച്ച നിലവാരത്തിലുള്ള ഉറവിട സംസ്കരണത്തിന്റെ കുറഞ്ഞ സ്വീകാര്യത
- ശേഖരണം ചില പ്രത്യേക ഇനങ്ങൾക്കായി പരിമിതപ്പെടുത്തുകയും എല്ലാത്തരം അജൈവമാലിന്യങ്ങളുടേയും ശേഖരണം നടത്താത്തതും
- സ്വകാര്യ പങ്കാളിത്തത്തിലെ കരാർ ഉപാധികളിലെ പൊതുവായതും കൃത്യമായതുമായ ഘടന ഇല്ലായ്മ
- മാലിന്യ പരിപാലന പ്രവർത്തനങ്ങളിന്മേലുള്ള അപര്യാപ്തമായ മേൽനോട്ട നിരീക്ഷണവും മോണിറ്ററിംഗും
- മാലിന്യ സംസ്കരണ നിർമ്മാർജ്ജനത്തിലെ അപര്യാപ്തത
- റോഡ് നിർമ്മാണത്തിനായി പൊടിച്ച പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് സാങ്കേതിക അപര്യാപ്തത ഉള്ളതിനാൽ ഈ ആവശ്യത്തിനായി പ്രതീക്ഷിച്ച അളവിൽ പ്ലാസ്റ്റിക് ഉപയോഗപ്പെടുത്താത്തത്
- ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ഉയർന്ന അളവിൽ സൂക്ഷിക്കുന്നതിന് മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളും, റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളും പര്യാപ്തമല്ലാത്തതും അശാസ്ത്രീയമായി നിക്ഷേപകേന്ദ്രങ്ങളിൽ നിക്ഷേപിക്കുന്നതുമായ പ്രശ്നങ്ങൾ
- മിക്ക നഗരസഭകളിലും ജൈവമാലിന്യ ശേഖരണവും സംസ്കരണവും സ്ഥിരമല്ലാത്ത സാഹചര്യം

- ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന നഗരസഭകളിൽ സംസ്കരിച്ച് കിട്ടുന്ന കമ്പോസ്റ്റിന് ആവശ്യക്കാരില്ലാത്തതിനാൽ അവ പ്ലാന്റുകളിൽ തന്നെ കുമിഞ്ഞു കൂടുന്ന സാഹചര്യം
- ലീച്ചേറ്റ് സംസ്കരണവും, വാതകശേഖരണ സംവിധാനങ്ങളും ഉൾപ്പെടെയുള്ള പാരിസ്ഥിതിക നിയന്ത്രണങ്ങൾ പാലിക്കുന്ന മാലിന്യ നിർമ്മാർജ്ജന കേന്ദ്രങ്ങളുടെ കുറവ്

സംസ്ഥാത്ത് നിലവിലുള്ള മാലിന്യസംസ്കരണ പദ്ധതികളുടെ മോശമായ നടത്തിപ്പും ഇതുമൂലമുണ്ടാകുന്ന ജലവായൂ മലിനീകരണവും രോഗവ്യാപന സാധ്യതകളും പദ്ധതി നടത്തിപ്പിൽ അതിൽ ഉൾപ്പെട്ടവർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തി പദ്ധതി രൂപ കല്പന നടത്താത്തതും പദ്ധതി വിശദാംശങ്ങളും അതിന്റെ മെച്ചങ്ങളും ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിയാത്തതുമൂലമുള്ള പൊതുജന പ്രതിഷേധം മൂലം പുതിയ പദ്ധതികൾ ഒന്നുംതന്നെ നടപ്പിൽ വരുത്താൻ കഴിയാത്ത സ്ഥിതിയുണ്ടാക്കി. ദുരന്ത പരിപാലന പദ്ധതികളിലും കാലാവസ്ഥാ വ്യതിയാന പ്രതിരോധ പ്രവർത്തനങ്ങളിലും മാലിന്യ സംസ്ക്കരണത്തിന് പരിമിതമായ പങ്കാളിത്തവും നിലവിലെ മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ ശരിയായ വിലയിരുത്തൽ നടത്താത്തതും ദൗർബല്യങ്ങളും പ്രശ്നങ്ങളും കണ്ടെത്തി പരിഹരിക്കാത്തതും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

മെച്ചപ്പെട്ട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യങ്ങളുടെ തരം/സ്വഭാവം അനുസരിച്ചും പ്രശ്നങ്ങളുടെ സ്വഭാവമനുസരിച്ചും പരിഹാരം കാണുന്നതിന് കാലാകാലങ്ങളിൽ വിവിധങ്ങളായ സംരംഭങ്ങളേയും സ്ഥാപനങ്ങളേയും സംസ്ഥാനം പിന്തുണച്ചു. എന്നിരുന്നാലും മാലിന്യ സംസ്കരണങ്ങളിലെ പ്രാഥമിക ഉത്തരവാദിത്തം പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായിരിക്കുകയും അവിടങ്ങളിൽ വിഷയപരിജ്ഞാനമുള്ള ആളുകൾ ഇല്ലാത്തതുംമൂലം ഈ മേഖലകളിൽ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുകയും ചെയ്തു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് ഉത്തരവാദിത്തം ഇല്ലാത്ത വിവിധ സംസ്ഥാനതല ഏജൻസികളുടേയും അവയിലൂടെ നടപ്പിലാക്കിയ വിവിധ പദ്ധതികളും ആവർത്തന സ്വഭാവമുള്ളവയും ഏകീകൃത കാഴ്ചപ്പാട് ഇല്ലാത്തവയും ആയിരുന്നു. പോരാത്തതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഇത്തരം പദ്ധതികൾ ഏകീകരിച്ച് കാര്യക്ഷമമായും കൃത്യമായും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് മാലിന്യ സംസ്കരണത്തിന്റെ ചുമതലക്കാരായ ആളുകളും ഇല്ലായിരുന്നു.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ നിയമങ്ങളും, ചട്ടങ്ങളും, വകുപ്പുകളും നിലനിൽക്കുന്നതും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവവും മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വ്യക്തതയില്ലായ്മയ്ക്ക് കാരണമാകുകയും കൂടാതെ കേന്ദ്ര-സംസ്ഥാന നയങ്ങളും ചട്ടങ്ങളും ഏകീകൃതമല്ലാത്തതും പ്രതിസന്ധി സൃഷ്ടിക്കുന്നു.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള പ്രശ്നങ്ങളുടേയും, പ്രതിസന്ധികളുടേയും അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള ഒരു പുതിയ കാഴ്ചപ്പാടാണ് താഴെ സൂചിപ്പിക്കുന്നത്.

കേന്ദ്രീകൃതവും, വികേന്ദ്രീകൃതവുമായ ഇടപെടലുകളെ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ കാഴ്ചപ്പാടാണ് ഇത്. ഇതിന്റെ ഭാഗമായി ഉറവിട ജൈവമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുകയും അജൈവമാലിന്യ ശേഖരണവും ചരക്കുനീക്ക സേവനങ്ങളും മുഴുവൻ പൗരന്മാർക്കും ലഭ്യമാക്കുകയും ചെയ്യും.

ക്രമ നം.	തത്വങ്ങൾ	വിശദാംശങ്ങൾ
1	**മാലിന്യ സംസ്കരണത്തിൽ സർക്കാരിന്റെ പ്രകടമായ നേതൃത്വം**	മാലിന്യ സംസ്കരണത്തിൽ നേതൃത്വപരമായ ഇടപെടലുകൾ പ്രകടമാക്കുന്നതിനും വിജയിക്കുന്നതിനുമായി നിയമപ്രകാരം അംഗീകരിച്ച പുതിയ മാലിന്യസംസ്കരണ സമീപന തന്ത്രം കേരള സർക്കാർ സ്വീകരിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം നിലയിലുള്ള വരുമാന വർദ്ധനവിനും ഈ മേഖലയിൽ ആവശ്യമായേക്കാവുന്ന കാലാനുസൃത നിക്ഷേപ വർദ്ധനവും ലക്ഷ്യമിട്ട് തുടർച്ചയായ പണലഭ്യത ഉറപ്പാക്കുന്നതിനും ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി കൃത്യമായ ആസൂത്രണവും പദ്ധതി നടത്തിപ്പും മേൽനോട്ടവും അവലോകന പ്രവർത്തനങ്ങളും നടത്തുവാനുമായി ശുചിത്വമിഷനെ പ്രാപ്തമാക്കി ഈ മേഖലയിലെ സംസ്ഥാനത്തിന്റെ നോഡൽ ഏജൻസിയാക്കി മാറ്റുക. (വിശദാംശം അനുബന്ധം എ1ൽ) കൂടാതെ അനുഭവ പരിചയമുള്ള എൺവയോൺമെന്റ് എഞ്ചിനീയറുടെ കീഴിൽ സാനിട്ടറി ഇൻസ്പെക്ടർ മാരുടേയും എഞ്ചിനീയർ മാരുടേയും പിന്തുണയോടെ പ്രവർത്തിക്കുന്ന ഒരു മാലിന്യ പരിപാലന വിഭാഗം ഓരോ നഗരസഭകളിലും സജ്ജമാക്കുക
2	**മാലിന്യ പരിപാലനത്തിന് ആധുനികവും, കാര്യക്ഷമവും സ്ഥിരവുമായ മേൽനോട്ട വിലയിരുത്തൽ രീതികളും നിയന്ത്രണങ്ങളും**	ദേശീയതലത്തിലുള്ള ചട്ടങ്ങൾക്കും, നയങ്ങൾക്കു മനുസൃതമായി സംസ്ഥാനത്തിന്റെ ചട്ടങ്ങളും നിയമങ്ങളും ക്രമീകരിക്കുകയും മാലിന്യ സംസ്കരണത്തിൽ സംസ്ഥാനത്തിന്റെ സമീപന തന്ത്രത്തെ അടിസ്ഥാനമാക്കി ശുചിത്വമിഷന്റേതടക്കം ഓരോ സംസ്ഥാനതല സ്ഥാപനങ്ങളുടേയും ചുമതലകളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുള്ള ഒരു നയം സംസ്ഥാനത്തിനായി രൂപീകരിക്കുക ഈ സംസ്ഥാന നയത്തോട് ചേർന്ന് പോകുന്ന തരത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവയ്ക്ക് ആവശ്യമായ മാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കി ഡിപിസി അംഗീകാരത്തിനായി സമർപ്പിക്കുക. പദ്ധതികൾക്കുള്ള സാങ്കേതിക അനുമതി അവയുടെ വലുപ്പത്തിന്റേയും സങ്കീർണ്ണതയുടേയും അടിസ്ഥാനത്തിൽ സംസ്ഥാന/ ജില്ലാ ശുചിത്വമിഷനുകൾ ലഭ്യമാക്കും. ഇങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്ക് അനുസൃതമായ നിയമസംഹിതകളും മാർഗ്ഗരേഖകളും സംസ്ഥാന സർക്കാരിന്റെ അനുമതിയോടെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പുറത്തിറക്കി ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.
3	**പ്രാദേശികതലത്തിൽ ആധുനികവും സുസ്ഥിരവും ഗുണമേന്മയുള്ളതുമായ ഒരു മാലിന്യ പരിപാലന സംവിധാനം**	ഇതിനായി ഉറവിട സംസ്കരണം ചെയ്യേണ്ടുന്ന ജൈവമാലിന്യങ്ങൾ ഒഴികെയുള്ളവയ്ക്കായിട്ട് ഹരിത കേരളം മിഷന്റേയും ക്ലീൻ കേരള കമ്പനിയുടേയും ഉൾപ്പെടെയുള്ളവരിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ഏകോപനത്തിൽ 100% ശേഖരണം, സംസ്കരണത്തിനായുള്ള ചരക്കുനീക്കം, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (എം.സി.എഫ്) റിസോഴ്സ് റിക്കവറി കേന്ദ്രങ്ങളും സജ്ജമാക്കുക. നൂതനമായ പുനഃചംക്രമണ സംരംഭങ്ങൾ വികസിപ്പിക്കുക, ഉല്പാദ കന്റെ വിപുലീകൃത ഉത്തരവാദിത്തം നടപ്പിലാക്കുക, തിരികെ വാങ്ങൽ പരിപാടികൾ സജ്ജമാക്കുന്നത് ഉൾപ്പെടെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയ്ക്കുള്ളിലെ മാലിന്യ സംസ്കരണ നിർമ്മാർജ്ജന സൗകര്യങ്ങൾ കണ്ടെത്തി അതിനനുസരിച്ചുള്ള ആസൂത്രണം നടത്തുകയോ അല്ലെങ്കിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രാദേശിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്താനായി മുന്നോട്ടു വരികയോ ചെയ്യുക.
4	**മാലിന്യ സംസ്കരണ പദ്ധതികൾക്ക് കൃത്യമായ പണലഭ്യത ഉറപ്പാക്കുന്നതിനും അവയുടെ ശരിയായ വിഭജനത്തിനുമായി സംവിധാനം ഉണ്ടാക്കുക**	വൻകിട മാലിന്യ സംസ്കരണ പദ്ധതികൾ സാധ്യമാക്കുന്നതിന് ബാഹ്യധന സ്രോതസുകൾ പ്രത്യേകിച്ച് ധനസഹായങ്ങൾ സർക്കാർ ലഭ്യമാക്കി ബഹുവർഷ പദ്ധതികൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ സാമ്പത്തിക

		ലഭ്യത ഉറപ്പാക്കുന്നതിനുള്ള സൗകര്യമൊരുക്കുകയും മാലിന്യ പരിപാലന സേവനങ്ങൾക്കായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അവയുടെ മാലിന്യ ഉല്പാദനത്തിന്റെ തോത് കണക്കാക്കി അതിനനു സൃതമായ വരിസംഖ്യ നിശ്ചയിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക
5	**മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രവർത്തിക്കുന്ന പ്രയോക്താ ക്കൾ, പങ്കാളികൾ, വീടുകൾ, സ്ഥാപന ങ്ങൾ എന്നിവരുടെ ശാസ്ത്രീയ മാലിന്യ പരിപാലന വുമായി ബന്ധപ്പെട്ട അറിവും അവബോ ധവും ധാരണയും വർദ്ധിപ്പി ക്കുക.**	ഇതിനായി സർക്കാരിതര സ്ഥാപന, സാമൂഹിക പങ്കാളികളുമായി യോജിച്ച് ഒരു സമഗ്ര ആശയ വിനിമയ പ്രവർത്തനതന്ത്രം തയ്യാറാക്കി നിലവിലെ തെറ്റിദ്ധാരണകളും മിഥ്യകളും ഇല്ലാതാക്കി ജനപങ്കാളിത്തത്തോടെയുള്ള ശരിയായ മാലിന്യ സംസ്കരണത്തിന് അനുകൂലമായ ഒരു പശ്ചാത്തലം ഒരുക്കിയെടുക്കുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി ദീർഘകാലാടി സ്ഥാനത്തിൽ തുടർച്ചയായ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളും സാങ്കേതിക വിദ്യകൾ വികസിപ്പിച്ച് അതിനനുസരിച്ചുള്ള പരിശീലനങ്ങളും സംഘടിപ്പിക്കുക, മാലിന്യ സംസ്കരണ അനുബന്ധ സാങ്കേതിക പദ്ധതികൾക്ക് ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി ഹ്രസ്വകാല കോഴ്സുകൾ സംഘടിപ്പിക്കുക. അതിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അല്ലാതെയുമായി മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തുക.

ഇതിന് പുറമേ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മേൽനോട്ട നിരീക്ഷണ വിലയിരുത്തലുകൾക്കും പ്രവർത്തനങ്ങളുടെ നിയന്ത്രണങ്ങൾക്കുമായി ഒരു സംവിധാനം സജ്ജമാക്കി പദ്ധതി വിലയിരുത്തൽ നടത്തുകയും വിലയിരുത്തൽ മാനദണ്ഡങ്ങളിൽ സംസ്ഥാനത്ത് ആകെ ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ്, മാലിന്യ ശേഖരണം കൃത്യമായി നടക്കുന്ന വീടുകളുടെ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/തദ്ദേശസ്വയംഭരണ വാർഡുകളുടെ എണ്ണവും, ശേഖരണ ഇടവേളയും സംസ്ഥാനത്ത് നടക്കുന്ന സംസ്കരണ/പുന:ചംക്രമണ, സുരക്ഷിത നിർമ്മാർജ്ജനത്തിന്റെ കാര്യക്ഷമത, വിവിധ ചട്ടങ്ങളുടേയും നയങ്ങളുടേയും പാലനം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും ഉൾപ്പെടും.

2 ഖരമാലിന്യ പരിപാലനം

[redacted]





[redacted]



[redacted]

[redacted]

[redacted]

2.1 ഖരമാലിന്യങ്ങളുടെ ഇനംതിരിവ്

മുനിസിപ്പൽ ഖരമാലിന്യത്തെ സാമാന്യമായി 3 വിധത്തിൽ തരംതിരിക്കാം.

ജൈവമാലിന്യം : സൂഷ്മാണുക്കളുടെ പ്രവർത്തനഫലമായി ലഘു, സ്ഥിര സംയുക്തങ്ങളായി വിഘടനം സംഭവിക്കുന്ന എല്ലാത്തരം മാലിന്യങ്ങളും

അജൈവമാലിന്യം : സൂഷ്മാണുക്കളുടെ പ്രവർത്തനഫലമായി ലഘു, സ്ഥിര സംയുക്തങ്ങളായി വിഘടിപ്പിക്കുവാൻ കഴിയാത്ത മാലിന്യങ്ങൾ

നിർമ്മാണവും പൊളിക്കൽ അനുബന്ധ മാലിന്യങ്ങളും : കെട്ടിടങ്ങൾ, റോഡുകൾ,പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും, പൊളിക്കലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മാലിന്യങ്ങൾ

ജൈവമാലിന്യങ്ങൾ	അജൈവമാലിന്യങ്ങൾ	നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ
അടുക്കള മാലിന്യങ്ങൾ	പ്ലാസ്റ്റിക് മാലിന്യങ്ങൾ	സിമെന്റും കോൺക്രീറ്റും
പൂന്തോട്ട മാലിന്യങ്ങൾ	വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ	ഇരുമ്പ്
അറവുമാലിന്യങ്ങൾ	സാനിട്ടറി വേസ്റ്റ്	ഇലക്ട്രിക്കൽ ഘടകങ്ങൾ
	ചില്ല്	മാർബിൾ/ഗ്രാനൈറ്റ്/ടൈൽ മറ്റ് സിറാമിക് വസ്തുക്കൾ
	ലോഹങ്ങൾ	
	തുകൽ	
	ഒന്നിനും കൊള്ളാത്തവ	

താഴെ കൊടുത്തിരിക്കുന്ന മാലിന്യ ഇനങ്ങളുടെ പരിപാലനത്തിനായുള്ള പ്രവർത്തനതന്ത്രങ്ങളാണ് ഇനിയുള്ള ഭാഗങ്ങളിൽ വിവരിക്കുന്നത്

1. പ്ലാസ്റ്റിക് മാലിന്യങ്ങൾ
2. പ്ലാസ്റ്റിക് ഒഴികെയുള്ള അജൈവമാലിന്യങ്ങൾ
3. നിർമ്മാണ/പൊളിക്കൽ മാലിന്യങ്ങൾ
4. ജൈവമാലിന്യങ്ങൾ
5. അറവുശാല മാലിന്യം
6. വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ
7. തരംതിരിക്കാത്തതും കാലങ്ങളായി കുന്നുകൂടിയിട്ടുള്ളതുമായ മാലിന്യങ്ങൾ

2.2 പ്ലാസ്റ്റിക്മാലിന്യങ്ങൾ

2.2.1 നിർവ്വചനം

ഉപയോഗ ശേഷം ഉപേക്ഷിക്കുന്ന ഏതൊരു പ്ലാസ്റ്റിക് ഉല്പ്പന്നവും അല്ലെങ്കിൽ ഉല്പന്നത്തിന്റെ ഭാഗം അല്ലെങ്കിൽ പാക്കിംഗ് വസ്തുക്കളുടെ ഭാഗമായ പ്ലാസ്റ്റിക് ആവരണങ്ങൾ, കുപ്പികൾ, ഭക്ഷണപാത്രങ്ങൾ, കയറുകൾ, ഇലക്ട്രോണിക് വസ്തുക്കളുടെ ഭാഗങ്ങൾ, ബാഗുകൾ, ജാറുകൾ മുതലായവ

പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിഭാഗങ്ങൾ

പുന:ചംക്രമണ സാധ്യമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ

മറ്റു പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണത്തിന് അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന പ്ലാസ്റ്റിക്കുകൾ. സാധാരണയായി അത്തരം പ്ലാസ്റ്റിക്കുകളിൽ അവയുടെ പുന:ചംക്രമണ സാധ്യത സൂചിപ്പിക്കുന്ന ഒരു സംഖ്യ ആലേഖനം ചെയ്തിരിക്കും

റെസിൻ കോഡ് പ്ലാസ്റ്റിക് ഇനത്തെ മാത്രമാണ് സൂചിപ്പിക്കുന്നത്. അവയുടെ പുന:ചംക്രമണ ക്ഷമതയെ അല്ല. പ്ലാസ്റ്റിക് പാത്രങ്ങളുടെ അടിവശത്ത് ഒരു ത്രികോണത്തിനുള്ളിൽ നൽകിയിട്ടുള്ള കോഡുകളിലൂടെ തിരിച്ചറിയുവാൻ കഴിയുന്ന പലതരത്തിലുള്ള പ്ലാസ്റ്റിക് റെസിനുകൾ കൊണ്ടാണ് പ്ലാസ്റ്റിക് പാത്രങ്ങൾ ഉണ്ടാക്കുന്നത്. കാഴ്ചയിൽ ഒരു പോലെയിരുന്നാലും ഓരോ പ്ലാസ്റ്റിക് പാത്രങ്ങളും അവയിൽ അടങ്ങിയിട്ടുള്ള സവിശേഷ രാസമൂലകങ്ങളാൽ വ്യത്യസ്തമാണ്.

പുന:ചംക്രമണം സാധ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ

പൊതുവേ ഉപയോഗക്ഷമമല്ലാത്തതായി പരിഗണിക്കുന്ന പുന:ചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു. സ്റ്റൈറോഫോം, മൾട്ടിലെയർ പ്ലാസ്റ്റിക്കുകൾ, ഗുളികകളുടെ സ്ട്രിപ്പുകൾ

പുന:ചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ രണ്ട് വിഭാഗങ്ങളിൽപ്പെടുന്നു. അലിഞ്ഞുചേർന്ന് പോകാത്തതും, ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്തവയും എന്നാൽ അണുവിമുക്തമെന്ന് പറയാൻ കഴിയാത്തവയും

2.2.2 പ്രതിവിധികൾ

പ്ലാസ്റ്റിക് ഉപഭോഗവും മാലിന്യോത്പാദനവും കുറയ്ക്കുക : ഏകോപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം 2020 ജനുവരി 1 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ജൈവസംസ്കരണം സാധ്യമാകുന്ന ബദൽ ഉല്പ്പന്നങ്ങളുടേയും പ്രകൃതി സൗഹൃദ വസ്തുക്കളുടേയും ഉപയോഗം പ്രോത്സാഹിപ്പിച്ച് പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുവാൻ കഴിയും. പ്ലാസ്റ്റിക് ഉല്പന്നങ്ങളുടേയും, പാക്കിംഗ് വസ്തുക്കളുടേയും ഉല്പാദകർ, നിർമ്മാതാക്കൾ, ഇറക്കുമതിക്കാർ, ബ്രാന്റ് ഉടമകൾ എന്നിവരുടെ സുസ്ഥിരവും കാര്യക്ഷമവുമായ വിഭവ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഉല്പാദക-വിപുലീകൃത-ഉത്തരവാദിത്ത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണം. പ്ലാസ്റ്റിക് വസ്തുക്കളുടെ പുനരുപയോഗം ആരോഗ്യ പ്രശ്നങ്ങളിലേയ്ക്ക് നയിക്കാത്തിടത്തോളം സംസ്ഥാന സർക്കാരിന് പുനരുപയോഗം പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ പുന:ചംക്രമണം : ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ അവയുടെ പുന:ചംക്രമണ സാധ്യതയ്ക്ക് അടിസ്ഥാനമായ ഇനം, നിറം മറ്റ് പ്രത്യേക സവിശേഷതകൾ എന്നിവ അടിസ്ഥാനമാക്കി പല വിഭാഗങ്ങളായി തരംതിരിക്കുകയും അവ സംസ്ഥാന സർക്കാർ എംപാനൽ ചെയ്തിരിക്കുന്ന പുന:ചംക്രമണകരിലേയ്ക്ക് എത്തിക്കുകയും പ്ലാസ്റ്റിക് പുന:ചംക്രമണവും, പുന:ചംക്രമണം ചെയ്ത പ്ലാസ്റ്റിക്കിന്റെ ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക

വിഭവ വീണ്ടെടുക്കൽ : സിമെന്റ് നിർമ്മാണ ശാലകളിൽ ബദൽ ഇന്ധനമായി ഉപയോഗിക്കുന്നതിന് പുന:ചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കാൻ കഴിയും. തരംതിരിക്കാത്ത പ്ലാസ്റ്റിക്കുകൾ മറ്റ് ജ്വലന ശേഷിയുള്ള വസ്തുക്കളുടെ കൂടെ ചേർത്ത് ആർ.ഡി.എഫ് ആക്കി മാറ്റി അവ ഉപയോഗപ്പെടുത്തുന്ന വ്യവസായങ്ങൾക്ക് ഇന്ധനമായി ഉപയോഗിക്കുന്നതിന് വില്പന നടത്താൻ കഴിയും

ബദൽ അസംസ്കൃത വസ്തുക്കളുടെ ഉപയോഗം : റോഡ് നിർമ്മാണ ആവശ്യത്തിലേയ്ക്കുള്ള ബദൽ അസംസ്കൃത വസ്തുവായി പുന:ചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡിംഗ് ചെയ്ത് ടാറിനോടൊപ്പം ആനുപാതികമായി ചേർത്ത് ഉപയോഗിക്കാവുന്നതാണ്

2.2.3 പ്രവർത്തന തന്ത്രം

ഉറവിടത്തിലെ തരംതിരിവ് : ഖരമാലിന്യ പരിപാലന നിയമം 2016, ഉപവാക്യം 4 (a) അനുസരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങളും തരംതിരിവും സംഭരിക്കലും സംബന്ധിച്ച് സംസ്ഥാന സർക്കാർ സമയാസമയങ്ങളിൽ പുറത്തിറക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വീടുകൾ, സ്ഥാപനങ്ങൾ വാണിജ്യ കേന്ദ്രങ്ങൾ എന്നിവർ 100% മാലിന്യ തരംതിരിവ് ഉറവിടത്തിൽ തന്നെ നടക്കുന്നു എന്നുറപ്പാക്കണം.

ശേഖരണവും ചരക്ക് നീക്കവും : വീടുകൾ, സ്ഥാപനങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നത് ഒരു കാരണവശാലും അനുവദനീയമല്ല. പകരം അവയുടെ ശരിയായ മാർഗ്ഗങ്ങ

ളിൽ കൈയ്യൊഴിയേണ്ടതാണ്. ഖരമാലിന്യ പരിപാലന നിയമം 2016 15 (b) അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പാടാക്കുന്ന ഏജൻസികൾ സാമൂഹിക സംരംഭ ഗ്രൂപ്പുകൾ/സേവന ദാതാക്കൾ എന്നിവരിലൂടെ 100% പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യ ശേഖരണം ഉറപ്പാക്കണം. ഇതിനായി സംസ്ഥാന സർക്കാരോ, തദ്ദേശ സ്ഥാപനമോ പുറത്തിറക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും, ചട്ടങ്ങളും അനുസരിച്ച് ഇത്തരം ഏജൻസികൾക്ക് അവർ നൽകുന്ന സേവനത്തിന് അനുസൃതമയി മാലിന്യോത്പാദകരിൽ നിന്നും പണം ഈടാക്കാവുന്നതാണ്. ശേഖരിച്ച മാലിന്യങ്ങൾ അവ ശേഖരിച്ചവർ തന്നെ സുരക്ഷിതമായി സംഭരണ കേന്ദ്രങ്ങളിലേയ്ക്ക് നീക്കം ചെയ്യേണ്ടതാണ്.

രണ്ടാംഘട്ട തരംതിരിവ് : ഖരമാലിന്യ പരിപാലന നിയമം 2016 15 (b) പ്രകാരം പുന:ചംക്രമണ സാധ്യമായ അജൈവമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജ്ജമാക്കുന്ന മെറ്റീരിയൽ കളക്ഷൻ കേന്ദ്രങ്ങളിൽ രണ്ടാംഘട്ട തരംതിരിവ് നടത്തണം. ആവശ്യമെങ്കിൽ അവ വൃത്തിയാക്കി തരംതിരിച്ച് സൂക്ഷിക്കണം. ഇവിടെ അകത്തേയ്ക്ക് വരുന്നവയുടെയും സംസ്കരണത്തിനും നിരമ്മാർജ്ജനത്തിനുമായി വിവിധ മാർഗ്ഗങ്ങളിലൂടെ പുറത്തേയ്ക്ക് പോകുന്നവയുടെയും തൂക്കം എടുത്ത് ഇനം അനുസരിച്ച് രേഖപ്പെടുത്തണം. ആളോഹരി മാലിന്യോല്പാദനം, ജനസാന്ദ്രത, പ്രദേശത്തിന്റെ പ്രത്യേകതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മിനി.എം.സി.എഫുകൾ സ്ഥാപിക്കുന്നത് മാലിന്യ ശേഖരണവും ചരക്ക് നീക്കവും സുഗമവും കാര്യക്ഷമവുമാക്കും. ശേഖരണ ചരക്ക് നീക്ക ഏജൻസികളിലൂടെ ഈ പ്രവർത്തനങ്ങൾ നടക്കുന്നു എന്നുറപ്പാക്കുകയും ഓരോ മൂന്ന് മാസത്തിലും പ്രവർത്തന പുരോഗതി സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ കൃത്യമായ ഇടവേളകളിൽ യൂസർഫീ ശേഖരണം നടക്കുന്നു എന്നും അവ ഏജൻസി/സംരംഭ ഗ്രൂപ്പുകൾക്ക് കൈമാറുന്നുണ്ട് എന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. ഒപ്പം ഈ ശേഖരണ ഗ്രൂപ്പിന്റെ പ്രതിഫലം ആകെ പ്രവർത്തനങ്ങളെ ബാധിക്കാത്തതരത്തിലും ലാഭകരമായി സംരംഭം മുന്നോട്ട് പോവുന്ന തരത്തിലുമാകണം.

സംസ്കരണം : സംഭരണ കേന്ദ്രങ്ങളിലെ അജൈവ മാലിന്യങ്ങൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് നിർമ്മാണ ആവശ്യത്തിലേയ്ക്കോ അല്ലെങ്കിൽ ബേലിംഗ് ചെയ്ത് സിമന്റിന്റെ നിർമ്മാണ ശാലകളിലേയ്ക്കോ അതുമല്ലെങ്കിൽ ജ്വലനശേഷിയുള്ള മറ് മാലിന്യങ്ങളോടൊപ്പം ചേർത്ത് RDF ആക്കി മാറ്റി ബദൽ ഇന്ധനമാക്കി ആവശ്യക്കാർക്ക് വിൽക്കുകയോ ചെയ്യാം. ഇതിനായുള്ള സമീപനങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് അവരുടെ ഖരമാലിന്യ പരിപാലന പ്രവർത്തന ആസൂത്രണത്തിന്റെ ഭാഗമായി പരിഗണിക്കാവുന്നതും ആയത് തദ്ദേശ സ്ഥാപനങ്ങളുടെ ഇതിനായുള്ള കരാർ ഇടപാടുകളിൽ പ്രതിഫലിപ്പിക്കാവുന്നതുമാണ്.

കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരവും കരാറുകാരുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെയും അടിസ്ഥാനത്തിൽ പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗിനായി കരാറുകാരെ സർക്കാരിന് എംപാനൽ ചെയ്യുകയോ സർട്ടിഫൈ ചെയ്യുകയോ ചെയ്യാവുന്നതാണ്. ആയതിന്റെ സാധ്യത സംസ്ഥാന സർക്കാർ നിശ്ചയിച്ച കൃത്യമായ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൃത്യമായ ഇടവേളകളിൽ വിലയിരുത്തി നടത്താവുന്നതുമാണ്.

നിർമ്മാർജ്ജനം : ഖരമാലിന്യ പരിപാലന നിയമം 2016 15 (Zi) ഉപനിയമ പ്രകാരം പുന:ചംക്രമണ സാധ്യമല്ലാത്തതും മറ്റ് രീതികളിൽ ഉപയോഗപ്പെടുത്താൻ കഴിയാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ സാനിട്ടറി ലാൻഡ് ഫില്ലിൽ നിക്ഷേപിക്കാവുന്നതാണ്. ഇത്തരം സാനിട്ടറി ലാൻഡ് ഫില്ലുകൾ ഖരമാലിന്യ പരിപാലന നിയമം 2016 പ്രകാരമുള്ള മാനദണ്ഡങ്ങളും സാനിട്ടറി ലാൻഡ് ഫില്ലുകൾക്കായുള്ള സ്ഥല നിർണ്ണയം, രൂപരേഖ, നിർമ്മാണം, പ്രവർത്തനം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയ്ക്ക് അനുസൃതമാകണം.

തദ്ദേശ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ സ്ഥലലഭ്യത ഉണ്ടെങ്കിൽ അവർക്ക് സ്വന്തം നിലയിൽ സാനിട്ടറി ലാൻഡ് ഫിൽ സജ്ജമാക്കാവുന്നതാണ് ഇതിന് സുരക്ഷിതവും, പര്യാപ്തവുമായ നിയമ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം. തദ്ദേശ സ്ഥാപനങ്ങൾക്ക് പര്യാപ്തവും അനുയോജ്യവുമായ സ്ഥല ലഭ്യത ഇല്ലെങ്കിൽ അവർക്ക് സംസ്ഥാന സർക്കാരിനെ സമീപിക്കാവുന്നതും സ്ഥല ലഭ്യത ഇല്ലാത്ത ഇത്തരം തദ്ദേശ സ്ഥാപനങ്ങൾക്കായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സാനിട്ടറി ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നേതൃത്വം ഏറ്റെടുക്കേണ്ടതുമാണ്. ഇത്തരം ലാൻഡ് ഫില്ലുകൾ അവയുടെ സ്ഥാപന പ്രക്രിയയിൽ സഹകരിച്ചിട്ടുള്ളതും രൂപകൽപന വേളയിൽ പരിഗണിക്കപ്പെട്ടിട്ടുള്ളതുമായ തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിക്ഷേപത്തിനായുള്ളതാണ്. ഇവയുടെ ഉടമസ്ഥതയും പ്രവർത്തന ചുമതലയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

ആവശ്യമായ നിയമ ഇടപെടലുകൾ

- പ്ലാസ്റ്റിക് മാലിന്യ പരിപാലനനയം സംസ്ഥാന സർക്കാരിന് തയ്യാറാക്കാവുന്നതാണ്
- പ്ലാസ്റ്റിക് മാലിന്യ പരിപാലന നിയമം 2016 ഉപവാക്യം 6(4) പ്രകാരം ഈ നിയമത്തിന്റെ നിബന്ധനകൾക്ക് വിധേയമായി ഉപനിയമാവലി (Bylaw) തദ്ദേശ സ്ഥാപനങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്.
- പ്ലാസ്റ്റിക് മാലിന്യ പരിപാലന നിയമം 2016 ഉപവാക്യം 13(1) പ്രകാരം ഉൽപാദക വിപുലീകൃത ഉത്തരവാദിത്തം സംബന്ധിച്ച ഒരു സംസ്ഥാനതല മാർഗ്ഗ നിർദ്ദേശം തയ്യാറാക്കാവുന്നതാണ്

2.3 പ്ലാസ്റ്റിക് ഒഴികെയുള്ള അജൈവ മാലിന്യം

2.3.1 നിർവ്വചനം

ഖരമാലിന്യ സംസ്കരണം 2016 ലെ ഉപനിയമം 3(32) പ്രകാരം അജൈവമാലിന്യം എന്നുപറയുന്നത് സൂക്ഷ്മ/അണുജീവികൾക്ക് വിഘടിപ്പിച്ച് വേർതിരിച്ച് ദ്രവിപ്പിക്കാൻ സാധിക്കാത്തവയാണ്. ഈ അദ്ധ്യായം പ്ലാസ്റ്റിക് ഇതര അജൈവ മാലിന്യത്തെ കുറിച്ച് പ്രതിപാദിക്കുന്നു. ഇരുമ്പ്, തുണി, പേപ്പർ, ഗ്ലാസ് മറ്റു പുന:ചംക്രമണ യോഗ്യമല്ലാത്ത മാലിന്യം എന്നിവ ഇതിനുദാഹരണമാണ്.

2.3.2 പ്രതിവിധി

പുന:ചംക്രമണവും പുനരുപയോഗവും : ഉപഖണ്ഡിക 15 (h) പ്രകാരം അജൈവമാലിന്യങ്ങൾ എം.ആർ.എഫ് അല്ലെങ്കിൽ തത്തുല്യ കേന്ദ്രങ്ങളിൽ ശേഖരിക്കുകയും അവ ഇനംതിരിച്ച് പുന:ചംക്രമണത്തിനായി ബന്ധപ്പെട്ട അംഗീകൃത വ്യാപാരികൾക്ക് വിട്ടു നൽകേണ്ടതുമാണ്.

ഉപനിയമം 15 (u) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുന:ചംക്രമണം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ഉന്നമനത്തിനും ശേഷീ വികാസത്തിനും ഊന്നൽ നൽകുകയും അവരെ അംഗീകരിച്ച് നിയമാനുസൃതമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അജൈവ മാലിന്യശേഖരണ കേന്ദ്രങ്ങളിൽ ശേഖരിച്ചുകൊണ്ടുവരുന്ന മാലിന്യങ്ങളും പുറത്തുപോകുന്ന പുന:ചംക്രമണം ചെയ്ത വസ്തുക്കളും തൂക്കം നോക്കുകയും കണക്കുകൾ കമ്പ്യൂട്ടറൈസ്ഡ് ഡാറ്റ ആയി സൂക്ഷിക്കേണ്ടതുമാണ്. സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികേന്ദ്രീകൃത മാലിന്യ ശേഖരണം, വാഹനങ്ങളുടെ ഉപയോഗം, മൂല്യമുള്ളവയുടെ വേർതിരിക്കൽ, പുന:ചംക്രമണം കഴിഞ്ഞവയുടെ വില്പന എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കേണ്ടതാണ്.

സമയബന്ധിതമായി എല്ലാ വിവരങ്ങളും സമയാസമയം ഓൺലൈനായി സംസ്ഥാന സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

സംസ്കരണം : ഖരമാലിന്യ സംസ്കരണം 2016 ലെ ഉപനിയമം 18 പ്രകാരം ആർ.ഡിഎഫ്/പ്ലാന്റുകളിൽ നിന്നും 100 കി.മി പരിധിയിൽ സ്ഥിതി ചെയ്യുന്ന വ്യവസായശാലകൾ അവയുടെ ആകെ ഇന്ധന ഉപയോഗത്തിന്റെ 5% ആർ.ഡി.എഫിനായി മാറ്റി വയ്ക്കേണ്ടതാണ്. എളുപ്പത്തിൽ തീ പിടിക്കുന്ന (പ്ലാസ്റ്റിക് ഇതരം) അത്തരം വസ്തുക്കളെ അതുവഴി എളുപ്പത്തിൽ നിർമ്മാർജ്ജനം ചെയ്യാനും സിമെന്റ് ഫാക്ടറികൾ പോലുള്ള വ്യാവസായശാലകൾക്ക് വില്പനയും ചെയ്യാവുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായുള്ള നയം അവരുടെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമാക്കാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇതിനായുള്ള കരാർ ഉടമ്പടികളിൽ പ്രതിഫലിപ്പിക്കാവുന്നതുമാണ്.

നിർമ്മാർജ്ജനം : ഖണ്ഡിക 15 (zi) പ്രകാരം പുനഃചംക്രമണ യോഗ്യമല്ലാത്ത സംസ്കരിച്ച അജൈവമാലിന്യം എസ്.എൽ.എഫിൽ നിക്ഷേപിക്കാവുന്നതാണ്. എസ്.എൽ.എഫുകളുടെ പ്രവർത്തനം അനുബന്ധം I പ്രകാരം നിയമാനുസൃതമായിരിക്കണം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യത്തിന് സ്ഥലലഭ്യതയും, മാനദണ്ഡവും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചും എസ്.എൽ.എഫുകളുടെ നിർമ്മാണത്തിന് ഊന്നൽ നൽകാവുന്നതാണ്.

സ്ഥലലഭ്യത കുറവായ തദ്ദേശസ്ഥാപനങ്ങൾ കാരണം കാണിച്ച് സംസ്ഥാന സർക്കാരിനെ ബന്ധപ്പെടുകയും സർക്കാർ ഒരു സ്വകാര്യ ഏജൻസി വഴി ഒരു റീജിയണൽ ലാന്റ് ഫില്ലിനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും ചെയ്യാവുന്നതാണ്. ഇത്തരം ലാന്റ് ഫിൽ സൈറ്റുകൾ പൂർണ്ണമായും തദ്ദേശസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും അവയുടെ പ്രവർത്തനം തെരഞ്ഞെടുക്കുന്ന സ്വകാര്യ ഏജൻസി മുഖേനെയും ആയിരിക്കണം

2.3.3 പ്രവർത്തന തന്ത്രം

ഉറവിടത്തിലെ തരംതിരിവ് : ഖരമാലിന്യസംസ്കരണ നിയമം 2016 ലെ ഉപഖണ്ഡിക 4(a) പ്രകാരം എല്ലാ അജൈവമാലിന്യങ്ങളും ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും തദ്ദേശസ്ഥാപനങ്ങൾ മാലിന്യ ഉല്പാദകർക്ക് നൽകിയിട്ടുള്ള ബിന്നുകളിൽ നിക്ഷേപിക്കേണ്ടതുമാണ്. ബിന്നുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തികസഹായം സംസ്ഥാനസർക്കാർ വഹിക്കേണ്ടതാണ്.

ശേഖരണവും ഗതാഗതവും : ഖണ്ഡിക 15 (b) പ്രകാരം മാലിന്യ ഉല്പാദകരിൽ നിന്നും മാസം തോറും നിശ്ചിത തുക ഈടാക്കി എല്ലാ ദിവസവും അജൈവമാലിന്യം ശേഖരിക്കുകയും അവ സംസ്കരണ കേന്ദ്രങ്ങളിലേയ്ക്ക് എത്തിക്കേണ്ടതുമാണ്.

രണ്ടാം ഘട്ട തരംതിരിവ് : സംഭരണ കേന്ദ്രങ്ങളിൽ എത്തുന്ന അജൈവമാലിന്യങ്ങളിൽ നിന്നും രണ്ടാം ഘട്ട വികേന്ദ്രീകരണത്തിലൂടെ മൂല്യമുള്ള വസ്തുക്കൾ വേർതിരിച്ച് പുനഃചംക്രമണം സാധ്യമാക്കി പരമാവധി വിഭവ വീണ്ടെടുപ്പ് സാധ്യമാക്കേണ്ടതാണ്. വേർതിരിച്ചവയുടെ തൂക്കം നിർണ്ണയിച്ച് ഇനം അനുസരിച്ച് നിർദ്ദിഷ്ട കണ്ടെയ്നറുകളിലോ, സ്ഥലങ്ങളിലോ, കൈമാറ്റ കേന്ദ്രങ്ങളിലോ (എം.സി.എഫ്) സംഭരണ കേന്ദ്രങ്ങളിലോ സൂക്ഷിക്കേണ്ടതാണ്.

അയയ്ക്കേണ്ടതുമാണ്. വേർതിരിച്ചതിന് ശേഷം അവ തൂക്കുകയും നിശ്ചിത ബിന്നുകളിൽ ശേഖരിച്ച് സൂക്ഷിക്കേണ്ടതുമാണ്.

സംസ്കരണവും നിർമ്മാർജ്ജനവും : ഖരമാലിന്യ സംസ്കരണ നിയമം 2016 ലെ ഉപഖണ്ഡിക 15 (h) പ്രകാരം വേർതിരിച്ച മൂല്യമുള്ള അജൈവമാലിന്യം അംഗീകൃത പാഴ്വസ്തു വ്യാപാരികൾക്ക് കൈമാറേണ്ടതാണ്. മറ്റുമാലിന്യം സുരക്ഷിതമായി സംസ്കരിക്കേണ്ടതാണ്. മാലിന്യം തുറന്ന സ്ഥലങ്ങളിൽ കത്തിക്കുകയോ അലക്ഷ്യമായി വലിച്ചെറിയുകയോ ചെയ്യുന്നവർക്കെതിരെ തദ്ദേശസ്ഥാപനങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിയമ സംവിധാനങ്ങൾ : ഖരമാലിന്യ സംസ്കരണ നിയമം 2016 ലെ ഉപഖണ്ഡിക 15 (e) പ്രകാരം തദ്ദേശസ്ഥാപനങ്ങൾ അജൈവമാലിന്യങ്ങളുടെ വികേന്ദ്രീകരണം, ശേഖരണം, കൈമാറൽ തുടങ്ങിയവയ്ക്ക് നിയമപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

ഖണ്ഡിക 15 (zf) പ്രകാരം ശക്തമായ മോണിറ്ററിംഗും, പിഴ ഈടാക്കുന്നതിനുള്ള നിയമവും പ്രാവർത്തികമാക്കേണ്ടതും അതുവഴി അശാസ്ത്രീയ രീതികളായ തുറസായ സ്ഥലത്തുള്ള കത്തിക്കലും അലക്ഷ്യമായി വലിച്ചെറിയുന്ന പ്രവണതയും നിരുത്സാഹപ്പെടുത്തേണ്ടതാണ്.

2.4 നിർമ്മാണ പൊളിക്കൽ മാലിന്യങ്ങൾ

2.4.1 നിർവ്വചനം

നിർമ്മാണ പൊളിക്കൽ മാലിന്യ പരിപാലന ചട്ടം 3(c) ഉപവാക്യം അനുസരിച്ച് നിർമ്മാണം, മോടി പിടിപ്പിൽ, അറ്റകുറ്റപ്പണികൾ എന്നിവയുടെ ഭാഗമായി ഉണ്ടാവുന്ന അവശിഷ്ടങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു.

പൊളിച്ച കെട്ടിടത്തിന്റെ ഇഷ്ടിക, കല്ല്, വാർക്ക, സിമന്റ്, തടി, കമ്പി മുതലായ മറ്റ് ലോഹ വസ്തുക്കൾ, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള പൈപ്പുകൾ, ഇലക്ട്രിക് അവശിഷ്ടങ്ങൾ, ടൈലുകൾ തുടങ്ങിയവയാണ് പ്രധാന സി&ഡി മാലിന്യങ്ങൾ.

2.4.2 പ്രതിവിധി

സംസ്കരണ സൗകര്യങ്ങൾ : ഇത്തരം മാലിന്യത്തിലെ ഓരോ ഇനവും തരംതിരിച്ച് സൂക്ഷിക്കുന്നതിന് വിശാലമായ സ്ഥല ലഭ്യതയും ഇവിടേയ്ക്ക് മാലിന്യമെത്തിക്കുന്നതിന് ആവശ്യമായ ടിപ്പർ ലോറികളും പാഴ് വസ്തുക്കൾ ഉറവിടത്തിൽ തരംതിരിച്ച് തന്നെ സൂക്ഷിക്കുന്നതിന് നിർമ്മാണ സ്ഥലങ്ങളിൽ ബിന്നുകളും ബാഗുകളും.

പുനരുപയേഗ പുന:ചംക്രമണ സൗകര്യങ്ങൾ : CDWM, Rules 2016 GSR 317 (E) പ്രകാരം തരംതിരിവ്, വിഭവ വീണ്ടെടുപ്പ്, പുനരുപയോഗം, പുന:ചംക്രമണം എന്നിവയ്ക്കാണ് പ്രാമുഖ്യം നൽകേ

ണ്ടത്. C&D മാലിന്യത്തിന്റെ സ്വഭാവമനുസരിച്ച് താഴെപ്പറയുന്ന രീതിയിൽ അവ പുനരുപയോഗിക്കുകയോ പുന:ചംക്രമണം ചെയ്യുകയോ ചെയ്യാവുന്നതാണ്

സി & ഡി മാലിന്യം	പുന:ചംക്രമണ/ പുനരുപയോഗ ക്ഷമത	സ്വാഭാവിക ജീർണ്ണനം	ലാന്റ് ഫിൽ നിക്ഷേപം
കോൺക്രീറ്റ്			
സ്റ്റീൽ			
ഇഷ്ടിക, ബ്ലോക്കുകൾ			
ഗ്ലാസ്			
സെറാമിക്			
അലൂമിനിയം			
പ്ലാസ്റ്റിക്			
പെയിന്റ്			
തടി			
കാർഡ് ബോർഡ്			

പുനചംക്രമണം : സംസ്ഥാന സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ പങ്കാളിത്തത്തോടെ വിവിധ തരത്തിലുള്ള ഇത്തരം സി & ഡി മാലിന്യ പുനചംക്രമണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോൽസാഹനം നൽകാവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് പുനചംക്രമണ സാധ്യതയുള്ള മേഖലകൾ

- തടിയും, അനുബന്ധ വസ്തുക്കളും
- സിമന്റ്, വാർക്ക പുനചംക്രമണം
- ലോഹങ്ങളുടെ പുനചംക്രമണം

2.4.3 പ്രവർത്തനതന്ത്രം

നിർമ്മാണ പൊളിക്കൽ മാലിന്യ പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ : ഇതുമായി ബന്ധപ്പെട്ട കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി (CDWM നിയമം 2016) ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്ന നിർമ്മാണ വസ്തുക്കളുടെ നിർമ്മാതാക്കൾ, നിർമ്മാണ കരാറുകാർ തുടങ്ങിയ വിദഗ്ധരുമായി ചർച്ച ചെയ്ത് ഇതുമായി ബന്ധപ്പെട്ട് പിന്തുടരേണ്ട പുനരുപയോഗ, പുനചംക്രമണ, നിർമ്മാർജ്ജന മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് തയ്യാറാക്കാവുന്നതാണ്.

സി&ഡി മാലിന്യ പരിപാലനത്തിനായി സ്വകാര്യ കമ്പനികളെ നിയോഗിക്കൽ : CDWM നിയമം 2016 ഉപനിയമം 4(4) ഇത്തരം മാലിന്യങ്ങൾ ഉൽപ്പാദകർ തന്നെ അതിന്റെ ചുറ്റുവട്ടത്ത് സൂക്ഷിക്കുകയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദിഷ്ട ശേഖരണ കേന്ദ്രങ്ങളിൽ എത്തിച്ച് നിക്ഷേപിക്കുകയോ അംഗീകൃത സംസ്കരണ സംവിധാനങ്ങളിൽ കൈമാറുകയോ ചെയ്യാം. സുതാര്യമായ നടപടിക്രമങ്ങളിലൂടെ സംസ്ഥാന സർക്കാരിന് തന്നെ മാനദണ്ഡങ്ങൾക്കനുസൃതമായി ഈ സേവനങ്ങൾ നൽകുവാൻ കഴിയുന്ന ഏജൻസികൾക്ക് അംഗീകാരം നൽകാവുന്നതാണ്. സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ ശുചിത്വ മിഷന്റെ സാങ്കേതിക വിദഗ്ദ്ധസമിതിയോ ഇത്തരം സേവനങ്ങൾ നൽകുന്ന ഏജൻസികളുടെ വൈദഗ്ധ്യവും സേവനം നൽകുന്നതിനുള്ള ശേഷിയും പരിശോധിക്കും. ഇത്തരം വസ്തുക്കളിലെ ഓരോ

ഇനങ്ങളുടെയും വില നിർണയം സംസ്ഥാന സർക്കാർ നടത്തുകയും വില നല്കിയും സൗജന്യമായും ശേഖരിക്കേണ്ടവ ഏതെല്ലാമെന്ന് നിർണ്ണയിക്കുകയും ചെയ്യും. വിവിധ പുനചംക്രമണ വസ്തുക്കളുടെ മാർക്കറ്റിലെ ലഭ്യതയും ആവശ്യകതയും തുടർച്ചയായ വിലയിരുത്തലിലൂടെ പരിഗണിച്ച് ഓരോ ഇനങ്ങളുടെയും വില നിർണ്ണയം നടത്തും.

മുൻകൂർ അംഗീകാരം : എല്ലാ കെട്ടിട നിർമ്മാണങ്ങൾക്കും/പുനർനിർമ്മാണം/ പുനരുദ്ധാരണം/ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾക്കും പുതുക്കിയ മാനദണ്ഡപ്രകാരമുള്ള മുൻകൂർ അനുമതി നേടിയിരിക്കണം. ഇത്തരം അനുമതിക്കായുള്ള അപേക്ഷയോടൊപ്പം സി&ഡി മാലിന്യത്തിന്റെ പ്രതീക്ഷിത അളവ് പ്രതീക്ഷിത സമയക്രമം, സാധനം നീക്കം ചെയ്യുവാനായി നിയോഗിക്കുവാൻ കഴിയുന്ന കരാറുക്കാരുടെയോ ഏജന്റുമാരുടെയോ വിവരങ്ങൾ, പുനരുപയോഗ/പുനചംക്രമണ/ നിർമ്മാർജ്ജന സാധ്യതകൾ തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കണം. തദ്ദേശസ്ഥാപനങ്ങൾ ഇത്തരം അപേക്ഷകൾക്ക് അനുമതി നൽകുന്നതോടൊപ്പം പരിശോധനകൾ നടത്തി പ്രവർത്തി പൂർത്തീകരണ റിപ്പോർട്ടും തയ്യാറാക്കും. ദൈനംദിനമുള്ള മാലിന്യോൽപ്പാദന അളവ് തദ്ദേശസ്ഥാപനത്തിനെയോ സംസ്ഥാന തല വിവര ശേഖരണ സംവിധാനത്തെയോ അറിയിക്കണം.

ശേഖരണവും ചരക്ക് നീക്കവും : അംഗീകൃത സി&ഡി മാലിന്യ പരിപാലന കമ്പനികളുടെ പട്ടികയിൽ നിന്ന് മികച്ചവയെ ഒരു നിശ്ചിത ഫീസിന്റെ അടിസ്ഥാനത്തിൽ ഈ സേവനം ലഭ്യമാക്കുന്നതിനായി കെട്ടിട നിർമ്മാണ കാരറുകാർക്കും, കെട്ടിട ഉമസ്ഥർക്കും ആശ്രയിക്കാവുന്നതാണ്. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതിയും നേടിയിരിക്കണം. സി&ഡി മാലിന്യം കൈകാര്യം ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയുള്ള കരാറുകാർ മാത്രമേ പട്ടികയിൽ തുടരുവാൻ പാടുള്ളൂ.

പുനചംക്രമണം : സ്വകാര്യ പങ്കാളിത്തത്തോടെ സി & ഡി മാലിന്യ പുനചംക്രമണ പരിപാലന സംവിധാനങ്ങൾ സംസ്ഥാനത്ത് സജ്ജീകരിക്കുന്നതിന് നിക്ഷേപ സഹകരണത്തിലൂടെയും, ടാക്സ് സബ്സിഡിയിലൂടെയും സംസ്ഥാന സർക്കാരിന് പ്രോൽസാഹനം നൽകാവുന്നതാണ്. CDWM നിയമം 2016 ഉപ നിയമം 6(11) പ്രകാരം സംസ്ഥാന സർക്കാരിന് സി&ഡി മാലിന്യ പുനചംക്രമണം പുനരുപയോഗം തുടങ്ങിയവ പ്രോൽസാഹിപ്പിക്കുന്നതിനായി അത്തരം പ്രവർത്തനങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാവുന്നതാണ്. ഇത്തരം മാലിന്യങ്ങളുടെ ദീർഘദൂരം ചരക്ക് നീക്കം പ്രായോഗികമല്ലാത്തതിനാൽ അത് ഒഴിവാക്കുന്നതിനായി ഓരോ സി&ഡി മാലിന്യ ഇനങ്ങളുടെയും പുന:ചംക്രമണം നടത്തുന്നവർ ആവശ്യമായ എണ്ണം ഓരോ പ്രദേശത്തിനുമുണ്ട് എന്ന് സംസ്ഥാന സർക്കാരോ ശുചിത്വ മിഷനോ ഉറപ്പാക്കണം.

CDWM 2016 നിർദ്ദേശിക്കുന്നതുപോലെ 10-20% സി & ഡി മാലിന്യങ്ങൾ പൊതു/സർക്കാർ മേഖലയിലെ പ്രവർത്തികൾക്കായി ഉപയോഗപ്പെടുത്തണം എന്ന നിർദ്ദേശത്തിന് അനുസൃതമായി സി&ഡി മാലിന്യങ്ങൾ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനായുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും ഇതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകേണ്ടതുമാണ്.

നിർമ്മാർജ്ജനം : പുനചംക്രമണ പുനരുപയോഗ സാധ്യമല്ലാത്ത ഉപയോഗശൂന്യമായ സി &ഡി മാലിന്യങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെതായോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലും പരിപാലനത്തിലുമുള്ളതായോ ഉള്ള ലാൻഡ് ഫില്ലിൽ നിക്ഷേപിക്കാവുന്നതാണ് (CDWM നിയമം 2016 ഉപ നിയമം 3 പട്ടിക 1 അനുസരിച്ച്)

തദ്ദേശ സ്ഥാപനങ്ങൾക്ക് പര്യാപ്തവും അനുയോജ്യവുമായ സ്ഥല ലഭ്യത ഇല്ലെങ്കിൽ അവർക്ക് സംസ്ഥാന സർക്കാരിനെ സമീപിക്കാവുന്നതും സ്ഥല ലഭ്യത ഇല്ലാത്ത ഇത്തരം തദ്ദേശ സ്ഥാപന ങ്ങൾക്കായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സാനിട്ടറി ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നേതൃത്വം ഏറ്റെടുക്കേണ്ടതുമാണ്. ഇത്തരം ലാൻഡ് ഫില്ലുകൾ അവയുടെ സ്ഥാപന പ്രക്രിയയിൽ സഹകരിച്ചിട്ടുള്ളതും രൂപകൽപന വേളയിൽ പരിഗണിക്കപ്പെട്ടിട്ടുള്ളതുമായ തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിക്ഷേപത്തിനായുള്ളതാണ്. ഇവയുടെ ഉടമസ്ഥതയും പ്രവർത്തന ചുമ തലയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. പെയിന്റ്/ട്യൂബ് ലൈറ്റുകൾ/ സി.എഫ്.എൽ ബൾബുകൾ/ബാറ്ററികൾ അസ്ബറ്റോസ്/ മറ്റ് അപകരണമായ മാലിന്യങ്ങൾ സി & ഡി മാലിന്യത്തിൽ ഉണ്ടെങ്കിൽ അവ പ്രത്യേകം ശേഖരിച്ച് കേരള എൻവയോ ഇൻഫ്ര ലിമിറ്റഡിന് കൈമാറാവുന്നതാണ്.

2.5 അടുക്കള മാലിന്യം ഉൾപ്പെട്ടിട്ടുള്ള ജൈവമാലിന്യങ്ങൾ

2.5.1 ഖരമാലിന്യ പരിപാലന നിയമം 2016 ഉപനിയമം 3 (4) പ്രകാരം സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി ലഘുസുസ്ഥിര സംയുക്തങ്ങളായി വിഘടനം സംഭിക്കുന്ന മാലിന്യങ്ങളെ ജൈവമാലിന്യങ്ങൾ എന്ന് വിശേഷിപ്പിക്കുന്നു. മുസിനിപ്പൽ ഖരമാലിന്യത്തിന്റെ ഭാഗമായ ഭക്ഷണാവശിഷ്ടം, കേടായ ഭക്ഷണം, പച്ചക്കറി അവശിഷ്ടം അല്ലെങ്കിൽ വീടുകൾ, വ്യാപാര സംരംഭങ്ങൾ/ സ്ഥാപനങ്ങളായ റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ, കേറ്ററിംഗ് സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, ലോഡ്ജുകൾ തുടങ്ങിയ ഇടങ്ങളിൽ നിന്ന് പുറന്തള്ളുന്ന ജൈവ വിഘടനത്തിന് വിധേയമാക്കുന്ന പാഴ് വസ്തുക്കൾ ഈ വിഭാഗത്തിൽ പെടുന്നു.

2.5.2 പ്രതിവിധി

ഉറവിട സംസ്കരണം : താഴെ സൂചിപ്പിക്കുന്നവയിൽ ഏതെങ്കിലും ഒരിനമോ അല്ലെങ്കിൽ ഒന്നിലധികം ഇനങ്ങൾ ഒരുമിച്ച് ഉപയോഗിച്ചോ മാലിന്യോൽപാദകർക്ക് ഉറവിടത്തിൽ തന്നെ സംസ്കരിക്കാം.

- ബയോഗ്യാസ് പ്ലാന്റ്
- എയറോബിക് ബിന്നുകൾ
- ബയോബിന്നുകൾ
- കലം കമ്പോസ്റ്റിംഗ്
- മണ്ണിര കമ്പോസ്റ്റിംഗ്
- ബയോഡയജസ്റ്ററുകൾ

തദ്ദേശസ്വയംഭരണ സ്ഥാപന തലം/പ്രാദേശിക തലം സംസ്കരണം : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ, ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ താഴെപറയുന്ന ഏതെങ്കിലും രീതിയിൽ പ്രാദേശികമായി സംസ്കരിക്കണം.

- അനറോബിക് കമ്പോസ്റ്റിംഗ്
- എയറോബിക് കമ്പോസ്റ്റിംഗ്
- ബയോമെതനേഷൻ പ്ലാന്റുകൾ പ്രാദേശിക തലം
- തദ്ദേശസ്ഥാപനതലത്തിലെ ഫാമുകളിൽ തീറ്റയായി ഉപയോഗപ്പെടുത്തൽ

2.5.3 പ്രവർത്തന തന്ത്രം

ഇനംതിരിവ് : SWM നിയമം 2016 ഉപ നിയമം 4 (a) പ്രകാരം എല്ലാത്തരം ജൈവമാലിന്യങ്ങളും മറ്റ് മാലിന്യങ്ങളിൽ നിന്ന് ഉറവിടത്തിൽ തന്നെ തരംതിരിക്കുകയും തദ്ദേശസ്ഥാപനങ്ങൾ ഇത്തരം മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുന്നതിനായി നൽകിയിട്ടുള്ള ബിന്നുകളിൽ ഓരോരുത്തർക്കും സൂക്ഷിക്കുകയും വേണം. ഇത്തരം ബിന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഫണ്ട് സംസ്ഥാന സർക്കാരിന് ലഭ്യമാക്കാവുന്നതാണ്.

ഉറവിട സംസ്കരണം : ഖരമാലിന്യ പരിപാലന നിയമം 2016 ഉപനിയമം 15 (t) പ്രകാരം ജൈവമാലിന്യ സംസ്കരണം ഉറവിടത്തിൽ തന്നെ നടത്തുന്നതിനുള്ള പ്രോൽസാഹനം സംസ്ഥാനങ്ങൾ നൽകണം. ജൈവമാലിന്യശേഖരണം പ്രക്രിയയിൽ പങ്കെടുക്കാതെ ഉറവിടത്തിൽ തന്നെ അവരവരുടെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുന്നതിന് മാലിന്യോൽപ്പാദകർക്ക് അവസരമുണ്ടാവണം. തദ്ദേശസ്ഥാപനത്തിനറെ ശേഖരണ പ്രക്രിയയിൽ പങ്കെടുക്കാതെ ഉറവിട മാലിന്യ സംസ്കരണം തെരഞ്ഞെടുക്കണമെങ്കിൽ കുറഞ്ഞത് 6 മാസമെങ്കിലും സ്വന്തം നിലയിൽ ഉറവിട മാലിന്യ സംസ്കരണം സ്വന്തം നിലയിൽ നടത്തിയതിന് ശേഷം മാത്രമേ ശേഖരണ പ്രക്രീയകളിൽ നിന്നും മാറി നിൽക്കുവാൻ കഴിയുകയുള്ളൂ. ഏതെങ്കിലും ആളുകൾക്ക് ശേഖരണ പ്രക്രീയയിലേയ്ക്ക് വീണ്ടും മാറണമെന്ന് തോന്നിയാൽ ആയതിന് അനുവദിക്കാവുന്നതാണ്.

ഉറവിട സംസ്കരണം നിലവിലെ 10 ശതമാനത്തിൽ നിന്നും അടുത്ത 3 കൊല്ലത്തിനകം 20 ശതമാനത്തിലേയ്ക്ക് വിവിധ പദ്ധതികളിലൂടെയും, സ്കീമുകളിലൂടെയും വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളിലൂടെയും സാധിക്കും. ഉറവിട മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ വിഭാഗം കൃത്യമായ മേൽനോട്ട നിരീക്ഷണം നടത്തി ആയതിന്റെ റിപ്പോർട്ട് ശുചിത്വമിഷൻ ജില്ലാ ഓഫീസിൽ സമർപ്പിക്കണം. തദ്ദേശസ്ഥാപനം അവരുടെ മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണത്തിന് അനുരൂപമായി ഒരു ഉറവിട സംസ്കരണ മാർഗ്ഗരേഖ തയ്യാറാക്കി വിതരണം ചെയ്യുകയും ഉറവിട സംസ്കരണം തെരഞ്ഞെടുക്കുന്നവർക്ക് ആവശ്യമായ പിന്തുണാസഹായങ്ങൾ ലഭ്യമാക്കുകയും വേണം.

ശേഖരണം : ഖരമാലിന്യ സംസ്കരണ നിയമം 2016 ഉപനിയമം 15(b) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തൊഴിലാളികൾ എല്ലാ ദിവസവും എല്ലാ മാലിന്യോൽപാദകരിൽ നിന്നും തരംതിരിച്ച് പ്രത്യേകം സൂക്ഷിച്ച ജൈവമാലിന്യങ്ങൾ യൂസർ ഫീ ഈടാക്കി ശേഖരിക്കണം. (ഉറവിട മാലിന്യ സംസ്കരണം നടത്താത്തവരിൽ നിന്നും) ഇത്തരം ദൈനംദിന ശേഖരണം ഹരിതകർമ്മസേന പോലെയുള്ള സാമൂഹിക സാംസ്കാരിക സേവനദാതാക്കളുടെ സേവനം പ്രയോജനപ്പെടുത്തിയും (outsourcing) ചെയ്യാവുന്നതാണ്. ഇങ്ങനെ ശേഖരിക്കുന്ന ജൈവമാലിന്യം നിർബന്ധമായും അടച്ചുറപ്പുള്ള വാഹനങ്ങളിൽ മാത്രം നീക്കം ചെയ്യേണ്ടതാണ്.

ഇങ്ങനെ ശേഖരണ സേവന സംവിധാനം ഹരിതകർമ്മസേന പോലെയുള്ള സംരംഭങ്ങൾക്ക് പുറംകരാർ നൽകിയിരിക്കുന്ന ഇടങ്ങളിൽ ശേഖരണ സേവനം സാമ്പത്തികമായും ജനസംഖ്യാനുപാതികമായും പര്യാപ്തമാണ് എന്നുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. മാത്രമല്ല സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത, മാലിന്യങ്ങൾ കൃത്യസമയത്ത് നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ, മറ്റു സേവനകാര്യങ്ങൾ തുടങ്ങിയവ ഏകോപിക്കുന്നതിനും സേവന സംവിധാനത്തേയും പൊതു സമൂഹത്തേയും ബന്ധിപ്പിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി മാലിന്യ സംസ്കരണ വിഭാഗം ഉറപ്പാക്കേണ്ടതിന്റേയും ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

കൈമാറ്റ കേന്ദ്രങ്ങൾ ഖരമാലിന്യ പരിപാലന നിയമം 2016 ഉപനിയമം 15(b) പ്രകാരം ശേഖരിച്ചിട്ടുള്ള അജൈവമാലിന്യങ്ങളുടെ പുന:ചംക്രമണ സാധ്യതകൾ അല്ലാത്തവയും ബയോമെഡിക്കൽ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കുന്നതിനും ഇടക്കാല സംഭരണവും സൂക്ഷിക്കലും ആവശ്യമെങ്കിൽ ആയതിനുമായി പൂർണ്ണ സജ്ജമായ കൈമാറ്റ കേന്ദ്രം രണ്ടാം ഘട്ട തരംതിരിവ് കേന്ദ്രത്തിനുള്ള സ്ഥലം കണ്ടെത്തി ആയത് തദ്ദേശസ്വയംഭരണ സ്ഥാപനം സജ്ജമാക്കേണ്ടതാണ്. ഇത്തരം കേന്ദ്രങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ നിന്ന് അകന്ന് പൊതുജനങ്ങൾക്ക് അലോസരമുണ്ടാക്കാത്ത തരത്തിലാവണം സ്ഥിതി ചെയ്യുന്നത്. കൂടാതെ ഇവിടെ ആവശ്യമായ യന്ത്രസംവിധാനങ്ങളും അനുബന്ധ ഉപകരണങ്ങളും അളവ് തൂക്ക സംവിധാനങ്ങളും ഉണ്ടായിരിക്കണം.

ശേഖരിക്കുന്ന മുഴുവൻ മാലിന്യങ്ങളും അളവെടുക്കുന്നതിനും രേഖപ്പെടുത്തലുകൾക്കും താത്കാലികമായി സൂക്ഷിക്കണമെങ്കിൽ ആയതിനുമായി ശേഖരിക്കുന്ന ഏജൻസി തന്നെ ഇവിടേയ്ക്ക് കൊണ്ടുവരേണ്ടതാണ്.

സംസ്കരണം : പ്രാദേശികമായി സജ്ജമാക്കിയിട്ടുള്ള സംസ്കരണ സംവിധാനങ്ങളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിശാലമായ മാലിന്യ സംസ്കരണ പദ്ധതികളുടേയും അടിസ്ഥാനത്തിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെയോ അല്ലെങ്കിൽ പ്രദേശിക സംവിധാനങ്ങളിലോ തദ്ദേശസ്വയംഭരണ സ്ഥാപനതല സംവിധാനങ്ങളിലോ സംസ്കരിക്കണം. ഖരമാലിന്യ സംസ്കരണ നിയമം 2016 ഉപനിയമം 15(v(a) അനുസരിച്ച് തദ്ദേശസ്ഥാപനപരിധിയിൽ തന്നെ സ്ഥലം കണ്ടെത്തി സംസ്കരണ നിർമ്മാർജ്ജന സൗകര്യങ്ങൾ ഏർപ്പാടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിവതും സാഹചര്യമൊരുക്കണം. അത് സാധ്യമല്ലാതെ വന്നാൽ മാത്രം മറ്റ് പ്രാദേശിക സൗകര്യങ്ങൾ ഒരുക്കുന്നതിനോ അല്ലെങ്കിൽ നിലവിലുള്ള പ്രാദേശിക സൗകര്യങ്ങളിൽ പങ്കുചേരുന്നതിനോ തദ്ദേശസ്ഥാപനം പരിശ്രമം നടത്തേണ്ടതാണ്.

കമ്പോസ്റ്റ് നീക്കം ചെയ്യലും വില്പനയും : സംസ്കരണ കേന്ദ്രങ്ങളിലെ കമ്പോസ്റ്റ് വില്പന നീക്കം ചെയ്യേണ്ടതിന്റെ ഉത്തരവാദിത്തം, കമ്പോസ്റ്റിന്റെ ലഭ്യത, വിപണിയിലെ ആവശ്യം, കമ്പോസ്റ്റ് ഗുണനിലവാരം, മറ്റ് മാർക്കറ്റ് സാഹചര്യങ്ങൾ എന്നിവ വിലയിരുത്തി തദ്ദേശസ്വയംഭരണ സ്ഥാപനമോ അല്ലെങ്കിൽ ജൈവമാലിന്യ സംസ്കരണം മറ്റ് ഏജൻസികൾ വഴി ചെയ്യുന്നുവെങ്കിൽ അവരോ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടതാണ്. ഖരമാലിന്യ സംസ്കരണം 2016 ഉപനിയമം 7 പ്രകാരം കേന്ദ്ര കെമിക്കൽ ആന്റ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലെ ഫെർട്ടിലൈസേഴ്സ് വകുപ്പ് ഇതിനായി വിപണി കണ്ടെത്തുന്നതിനുള്ള പിന്തുണയും രാസവളങ്ങളോടൊപ്പം ചേർത്ത് കമ്പോസ്റ്റ് വില്പനയും പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഉപനിയമം 8 പ്രകാരം കേന്ദ്രകാർഷിക മന്ത്രാലയത്തിന് കമ്പോസ്റ്റ് ഉല്പാദനത്തിനും വില്പനയ്ക്കുമായി ഫെർട്ടിലൈസേഴ്സ് നിയന്ത്രണ

ഉത്തരവാദിത്തത്തിൽ വിട്ടുവീഴ്ചകൾ നൽകാവുന്നതും കൃഷിയിടങ്ങളിലെ കമ്പോസ്റ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതും കമ്പോസ്റ്റ് ഗുണനിലവാരം നിശ്ചയിക്കുന്നതിനുള്ള പരിശോധനാ സൗകര്യങ്ങൾ സജ്ജമാക്കേണ്ടതും കമ്പോസ്റ്റ് ഗുണനിലവാരം നിലനിർത്തുന്നതിനുള്ള അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കേണ്ടതുമാണ്. ഉപനിയമം 15 (u) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അവരുടെ പരിധിയിൽ പാർക്കുകൾ, ഗാർഡനുകൾ തുടങ്ങി സാധ്യമായ ഇടങ്ങളിലൊക്കെ കമ്പോസ്റ്റ് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്.

നിർമ്മാർജ്ജനം : കമ്പോസ്റ്റിംഗിനുശേഷവും കമ്പോസ്റ്റിംഗിന്റെ ഭാഗമായും ഉണ്ടാകുന്ന ഉപയോഗ ശൂന്യമായ വസ്തുക്കൾ ചട്ടപ്രകാരം പറഞ്ഞിട്ടുള്ള ലാന്റ് ഫില്ലിംഗ് ഉപനിയമം 15 (zi) നിക്ഷേപിക്കാം.

തദ്ദേശ സ്ഥാപനങ്ങൾക്ക് പര്യാപ്തവും അനുയോജ്യവുമായ സ്ഥല ലഭ്യത ഇല്ലെങ്കിൽ അവർക്ക് സംസ്ഥാന സർക്കാരിനെ സമീപിക്കാവുന്നതും സ്ഥല ലഭ്യത ഇല്ലാത്ത ഇത്തരം തദ്ദേശ സ്ഥാപന ങ്ങൾക്കായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ സാനിട്ടറി ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുന്നതിന് നേതൃത്വം ഏറ്റെടുക്കേണ്ടതുമാണ്. ഇത്തരം ലാൻഡ് ഫില്ലുകൾ അവയുടെ സ്ഥാപന പ്രക്രിയയിൽ സഹകരി ച്ചിട്ടുള്ളതും രൂപകൽപന വേളയിൽ പരിഗണിക്കപ്പെട്ടിട്ടുള്ളതുമായ തദ്ദേശ സ്ഥാപനങ്ങളുടെ മാലി ന്യ നിക്ഷേപത്തിനായുള്ളതാണ്. ഇവയുടെ ഉടമസ്ഥതയും പ്രവർത്തന ചുമതലയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

മാലിന്യങ്ങളുടെ സംസ്കരണ ശേഷം ഉണ്ടാകുന്ന പാഴ്‌വസ്തുക്കളുടേയും തുറസ്സായ സ്ഥലങ്ങളിലെ നിർമ്മാർജ്ജനം യാതൊരു കാരണവശാലും അനുവദനീയമല്ല. തദ്ദേശസ്ഥാപനങ്ങളുടെ നിയമാവലിയിൽ ഇത്തരം പ്രവർത്തനങ്ങൾക്കെതിരായുള്ള ശിക്ഷാനടപടികളും ഉൾപ്പെടുത്താവുന്നതാണ്.

ആവശ്യമായ നിയമ നിർമ്മാണ ഇടപെടലുകൾ

ജൈവമാലിന്യത്തിന്റേയും അജൈവമാലിന്യത്തിന്റേയും 100 ശതമാനം ദൈനംദിന ശേഖരണവും നീക്കം ചെയ്യലും ഉറപ്പാക്കുന്ന തരത്തിൽ സംസ്ഥാന നയങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളിലും ആവശ്യമായ പുനഃക്രമീകരണവും മാറ്റങ്ങളും വരുത്തേണ്ടതുണ്ട്. ഉറവിടത്തിൽ സംസ്കരണ സാധ്യമായവയെ ജൈവമാലിന്യ ശേഖരണത്തിൽ നിന്നു മാത്രം ഒഴിവാക്കാവുന്നതുമാണ്. അജൈവമാലിന്യത്തിന്റെ കാര്യത്തിൽ ഇത്തരം ഒഴിവാക്കലുകൾ ആർക്കും നൽകുവാൻ പറ്റില്ല.

- ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുമ്പോൾ സംസ്ഥാനചട്ടങ്ങളും നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഒരു കാരണവശാലും ഒരു വിഭാഗം മാലിന്യ ഉല്പാദകരേയും സ്ഥല ലഭ്യതയുടേയും മാലിന്യോത്പാദനത്തിന്റേയും അടിസ്ഥാനത്തിൽ അതിനായി നിർബന്ധിക്കുന്ന തരത്തിലാകരുത്.
- കൈമാറ്റ കേന്ദ്രങ്ങളുടെ അല്ലെങ്കിൽ രണ്ടാം ഘട്ട തരംതിരിവ് കേന്ദ്രങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത സംസ്ഥാനനയത്തിൽ പ്രാധാന്യത്തോടെ പ്രതിപാദിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തം ആയതിൽ വ്യക്തമാക്കുകയും ചെയ്യണം
- ഖരമാലിന്യപരിപാലന നിയമം 2016 ഉപവാക്യം 15 (e) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകൃത ഖരമാലിന്യ പരിപാടികളും പദ്ധതികളുമായി ചേർന്ന് പോകുന്നതരത്തിൽ ഉപനിയമം (ബൈലാ) തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.
- ഗാർഹികതലം സംസ്ഥാനതല മാലിന്യ ശേഖരണത്തിന് ഉപനിയമം (ബൈലാ) അല്ലെങ്കിൽ മാർഗ്ഗരേഖയിൽ യൂസർ ഫീ ശേഖരണം സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങളോ റേറ്റ്

സ്ലാബോ നൽകിയിരിക്കണം. യൂസർ ഫീ നിശ്ചയിക്കേണ്ടത് മാലിന്യോത്പാദനത്തിന്റെ അളവോ സ്ഥാപനങ്ങളുടെ വാണിജ്യശേഷി/സാമ്പത്തിക സ്ഥിതി പരിഗണിച്ചാകണം

2.6 അറവുശാല മാലിന്യം

2.6.1 നിർവ്വചനം

ഇറച്ചി ഉത്പാദനത്തിനായി ജീവനുള്ള മൃഗങ്ങളുടെ അറവു സംബന്ധമായ പ്രവൃത്തിയുടെ ഭാഗമായി ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ ഇത്തരം മാലിന്യങ്ങൾ ജൈവമാലിന്യങ്ങളുടെ വിഭാഗത്തിലാണ് കണക്കാക്കപ്പെടുന്നത്. അനേകം അറവുശാലകളിലായി ഇവ ധാരാളമായി ഉണ്ടാകുന്നുണ്ട്. മൃഗങ്ങളുടെ രോമങ്ങൾ, രക്തം, ആന്തരാവയവങ്ങൾ, ശരീരഭാഗങ്ങൾ, മാംസാവശിഷ്ടം

2.6.2 പ്രതിവിധികൾ

താഴെപറയുന്ന രീതിയിൽ പ്രകാരം അറവുമാലിന്യങ്ങൾ കൈകാര്യം ചെയ്യാവുന്നതാണ്

- ബയോഗ്യാസ് ഉല്പാദനം
- കമ്പോസ്റ്റിംഗ്
- റെന്ററിംഗ്

2.6.3 പ്രവർത്തന തന്ത്രം

സംഭരണം : അറവുശാലകളിലെ അടച്ചുറപ്പുള്ള ശീതീകരിച്ച കണ്ടെയ്നറുകളിൽ അറവുമാലിന്യങ്ങൾ സൂക്ഷിക്കേണ്ടതാണ്.

ശേഖരണം : അംഗീകൃത അറവുശാലകളിൽ നിന്ന് അറവുമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയിട്ടുള്ള ജോലിക്കാർ ദൈനംദിനം ശേഖരിച്ച് നീക്കം ചെയ്യുക. ഇതിന് തദ്ദേശസ്വയംഭരണ സ്ഥാപനവും സംസ്ഥാന സർക്കാരും വിജ്ഞാപനം ചെയ്തിട്ടുള്ള ഒരു യൂസർ ഫീ അറവുശാല ഉടമസ്ഥർ അടയ്ക്കേണ്ടതുണ്ട്. ഈ പ്രവർത്തന തന്ത്രം പുറത്തിറക്കിയതിന് ശേഷം പ്രവർത്തനം ആരംഭിക്കുന്ന അറവുശാലകൾക്ക് ആ സമയത്തെ നിലവിലുള്ള അതേ ശേഖരണ ചരക്ക് നീക്ക സംവിധാനം ബാധകമായിരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ ശേഖരണ ചരക്ക് നീക്ക പ്രക്രീയയിൽ പുതിയ അറവുശാലകളേയും ഉൾപ്പെടുത്തുന്ന രീതിയിലായിരിക്കണം ഇവ സജ്ജീകരിച്ചിട്ടുള്ളത്.

സംസ്കരണം : പോംവഴികൾ എന്ന വിഭാഗത്തിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും രീതികൾ അവലംബിച്ച് അറവുശാലകളിൽ നിന്ന് ശേഖരിക്കുന്ന ഖരമാലിന്യം സംസ്കരിക്കണം. അല്ലെങ്കിൽ അറവുശാല മാലിന്യത്തിന്റെ അളവും ഗുണനിലവാരവും അടിസ്ഥാനമാക്കിയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ജൈവമാലിന്യ സംസ്കരണ ശേഷിയ്ക്ക് അനുസൃതമായും (സംയോജിത സംസ്കരണം) മറ്റ് ജൈവമാലിന്യത്തോടൊപ്പം ചേർന്ന് ചെയ്യാവുന്നതാണ്.

നിർമ്മാർജ്ജനം : സംസ്കരണ പ്രക്രീയയ്ക്ക് ശേഷമുണ്ടാകുന്ന അവശിഷ്ടങ്ങൾ മാനദണ്ഡങ്ങൾ പ്രകാരം പണികഴിപ്പിച്ചിട്ടുള്ള സാനിട്ടറി ലാന്റ്ഫില്ലിൽ നിക്ഷേപിക്കാവുന്നതാണ്.

തദ്ദേശ സ്ഥാപനങ്ങൾക്ക് അനുയോജ്യമായ സ്ഥലലഭ്യത ഉണ്ടെങ്കിൽ അവർക്ക് സ്വന്തം നിലയിൽ സാനിട്ടറി ലാൻഡ് ഫിൽ സജ്ജമാക്കാവുന്നതാണ് ഇതിന് സുരക്ഷിതവും, പര്യാപ്തവുമായ നിയമ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയണം. തദ്ദേശ സ്ഥാപനങ്ങൾക്ക് പര്യാപ്തവും അനുയോജ്യവുമായ സ്ഥല ലഭ്യത ഇല്ലെങ്കിൽ അവർക്ക് സംസ്ഥാന സർക്കാരിനെ സമീപിക്കാവുന്നതും സ്ഥല ലഭ്യത ഇല്ലാത്ത ഇത്തരം തദ്ദേശ സ്ഥാപനങ്ങൾക്കായി ക്ലസ്റ്റർ അടി സ്ഥാനത്തിൽ സാനിട്ടറി ലാൻഡ് ഫില്ലുകൾ സ്ഥാപിക്കുന്നതിന് നേതൃത്വം ഏറ്റെടുക്കേണ്ടതുമാണ്. ഇത്തരം ലാൻഡ് ഫില്ലുകൾ അവയുടെ സ്ഥാപന പ്രക്രിയയിൽ സഹകരിച്ചിട്ടുള്ളതും രൂപകൽപന വേളയിൽ പരിഗണിക്കപ്പെട്ടിട്ടുള്ളതുമായ തദ്ദേശ സ്ഥാപനങ്ങളുടെ മാലിന്യ നിക്ഷേപ ത്തിനായുള്ളതാണ്. ഇവയുടെ ഉടമസ്ഥതയും പ്രവർത്തന ചുമതലയും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്.

അറവുശാല മാലിന്യത്തിന്റെ കൈകാര്യം ചെയ്യൽ (ശേഖരണം മുതൽ നിർമ്മാർജ്ജനം വരെ) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് 2017 ൽ പുറത്തിറക്കിയിട്ടുള്ള അറവുശാലകളെ കുറിച്ചുള്ള പുതുക്കിയ പൂർണ്ണ വ്യവസായ രേഖയിലെ ഭാഗം 5 (4) പ്രകാരമുള്ളതും ആകണം. ആവശ്യമായ നിയമ നിർമ്മാണ ഇടപെടലുകൾ

- അറവുശാല മാലിന്യത്തിന്റെ വൃത്തിയോടെയുള്ള കൈകാര്യം ചെയ്യൽ, തരംതിരിവ്, സംഭരണ രീതികൾ, മൊത്തത്തിലുള്ള പരിപാലന രീതികൾ എന്നിവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം മാർഗ്ഗരേഖ തയ്യാറാക്കി പുറത്തിറക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനമോ, സംസ്ഥാന സർക്കാരോ പുറത്തിറക്കുന്ന മാർഗ്ഗരേഖയോ ഉപനിയമമോ അറവു മാലിന്യ ശേഖരത്തിനായുള്ള യൂസർ ഫീ നിർണ്ണയം സംബന്ധിച്ച സുവ്യക്ത മാനദണ്ഡങ്ങൾ വ്യക്തമാക്കിയിരിക്കണം.



2.7 വീടുകളിലെ അപകടകരമായ മാലിന്യങ്ങൾ

2.7.1 നിർവ്വചനം

ഭൗതീക, രാസ, ജൈവീക സ്വഭാവത്താലും രാസ പ്രതിപ്രവർത്തനത്തിനോ കത്തുന്നതിനോ പൊട്ടിത്തെറിക്കുന്നതിനോ ഒക്കെ സാധ്യതയുള്ളതും ആരോഗ്യത്തിനും പരിസ്ഥിതിയ്ക്കും അപകടം ഉണ്ടാക്കുവാൻ ഇടയുള്ളതുമായ ഗാർഹിക തലത്തിൽ ഉണ്ടാകുന്ന മാരക സ്വഭാവഗുണമുള്ള മാലിന്യങ്ങളാണ് ഇവ. ഖരമാലിന്യ നിയമം 2016 3 (17) ഉപവാക്യമനുസരിച്ച് ഗാർഹികതല അപകടകരമായ മാലിന്യമെന്നത് വീടുകളിൽ ഉണ്ടാകുന്ന ഉപയോഗം കഴിഞ്ഞ പെയിന്റിന്റെ പാട്ടകൾ, കീടനാശിനികളുടെ കുപ്പികൾ, പാത്രങ്ങൾ, സി.എഫ്.എൽ ബൾബുകൾ, ട്യൂബ് ലൈറ്റുകൾ, ഉപയോഗ ശൂന്യമായ മരുന്നുകൾ, പൊട്ടിയ തെർമോമീറ്ററുകൾ, ഉപയോഗിച്ച സിറിഞ്ചുകൾ, സൂചികൾ, ബാറ്ററികൾ മറ്റ് അളവുഉപകരണങ്ങൾ തുടങ്ങിയവയാണ്.

2.7.2 പ്രതിവിധി

ഗാർഹിക അപകടമാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലേയ്ക്കോ അതല്ലെങ്കിൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റേയോ മലിനീകരണ നിയന്ത്രണ കമ്മറ്റിയുടേയോ നിർദ്ദേശപ്രകാരമോ മറ്റ് കേന്ദ്രങ്ങളിലേയ്ക്കോ ഉള്ള ഗാർഹിക അപകട മാലിന്യങ്ങളുടെ സുരക്ഷിതമായ സംഭരണവും

ചരക്കുനീക്കവും ഉറപ്പാക്കേണ്ടതും ഏറ്റെടുത്ത് നടത്തേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് എന്ന് ഖരമാലിന്യ നിയമം 2016 ഉപനിയം 15 (j) നിഷ്കർഷിച്ചിരിക്കുന്നു. അതേസമയം ഖരമാലിന്യ നിയമത്തിലെ ഒന്നാം പട്ടികയിലെ ഉപനിയം എ (X) പ്രകാരം അപകടകര മാലിന്യ പരിപാലനത്തിനായി അപകടകരമാലിന്യം/ ഇതരമാലിന്യ പരിപാലന നിയമം 2016 നിർദ്ദേശിക്കുന്നു. ഇതിലെ ഉപനിയം 3 (10) പ്രകാരം അപകടകരമാലിന്യ നിർമ്മാർജ്ജനം എന്നു പറയുന്നത് ഭൗതീക, രാസ, ജൈവീക സംസ്കരണ രീതികളോ കത്തിക്കുകയോ സുരക്ഷിത ലാന്റ് ഫില്ലുകളിലെ നിക്ഷേപമോ മാത്രമാണ് ഉൾപ്പെടുത്തുന്നത്.

2.7.3 പ്രവർത്തന തന്ത്രം

ഇത്തരം മാലിന്യങ്ങൾക്ക് അപകട സാധ്യത ഉള്ളതിനാൽ മാസത്തിൽ ഒന്നോ രണ്ടോ തവണയായുള്ള നിർദ്ദിഷ്ഠ ദിവസങ്ങളിലെ ശേഖരണത്തിനായോ അത്തരം മാലിന്യങ്ങൾക്കായുള്ള നിർദ്ദിഷ്ട ശേഖരണ സ്ഥലങ്ങളിൽ എത്തിച്ച് നൽകുന്നതിനായോ അവ വീടുകളിൽ തന്നെ തരംതിരിച്ച് സൂക്ഷിക്കണം. ഒരു കാരണവശാലും ബയോമെഡിക്കൽ മാലിന്യങ്ങളും മറ്റ് അപകടകര മാലിന്യങ്ങളും കൂട്ടികലർത്തരുത്.

ശേഖരണവും ചരക്കുനീക്കവും : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇതിനായുള്ള അവരുടെ പ്ലാനിൽ സൂചിപ്പിക്കുന്നതുപോലെ അപകടകരമാലിന്യങ്ങൾ മാസത്തിൽ ഒന്നോരണ്ടോ തവണയായി മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ശേഖരണ ചരക്കുനീക്ക തൊഴിലാളികൾ ശേഖരിച്ച് അവരുടെ നിക്ഷേപകേന്ദ്രങ്ങളിൽ നിക്ഷേപിക്കാവുന്നതാണ്. ഇത്തരം മാലിന്യങ്ങളുടെ നിക്ഷേപ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതിനും മാലിന്യ ഉല്പാദകർക്ക് ഇത്തരം മാലിന്യങ്ങൾ അവരുടെ സുരക്ഷിത നിർമ്മാർജ്ജനത്തിനായി ഇത്തരം നിക്ഷേപകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനും [ഖരമാലിന്യ പരിപാലന നിയമം 2016 ഉപനിയമം 15 (1)] ഇത്തരം നിക്ഷേപ കേന്ദ്രങ്ങളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൈമാറ്റ കേന്ദ്രങ്ങളിലോ രണ്ടാം ഘട്ട തരംതിരിവ് കേന്ദ്രങ്ങളിലോ എത്തിച്ച് തൂക്കം രേഖപ്പെടുത്തി നിക്ഷേപ കേന്ദ്രങ്ങളിലേയ്ക്ക് നീക്കുന്നതിനായി ആവശ്യമെങ്കിൽ സംഭരിച്ച് സൂക്ഷിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു.

രണ്ടാം ഘട്ടതരംതിരിവ് : കൈമാറ്റ/രണ്ടാം ഘട്ട തരംതിരിവ് കേന്ദ്രങ്ങളിൽ ഇതിനായി വിന്യസിച്ചിട്ടുള്ള തൊഴിലാളികൾ ഗാർഹിക അപകടകര മാലിന്യങ്ങളെ ബയോമെഡിക്കൽ മാലിന്യങ്ങളായും മറ്റു അപകടകര മാലിന്യങ്ങളായും തരംതിരിക്കണം. ഇവർ നിർദ്ദിഷ്ട വ്യക്തി സുരക്ഷ ഉപകരങ്ങൾ ഉപയോഗിക്കണം. ഇത്തരം മാലിന്യങ്ങൾ സുരക്ഷാഉപകരണങ്ങൾ കൂടാതെ നേരിട്ടുള്ള മനുഷ്യ ഇടപെടലുകൾ പാടില്ല. തരംതിരിച്ചവ തൂക്കം രേഖപ്പെടുത്തി സംഭരിച്ച് സൂക്ഷിക്കേണ്ടതാണ്.

സംസ്കരണം /നിർമ്മാർജ്ജനം : രണ്ടാം ഘട്ട തരംതിരിവ് നടത്തിയ ബയോമെഡിക്കൽ മാലിന്യങ്ങൾ ഇമേജിനോ അല്ലെങ്കിൽ അംഗീകൃത ഏജൻസികൾക്കോ സംസ്കരണത്തിനോ നിർമ്മാർജ്ജനത്തിനോ ആയി നൽകാവുന്നതാണ്. ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ കരാർ ധാരണകൾ ഉണ്ടാക്കിയിരിക്കണം. മറ്റു അപകടകരമാലിന്യങ്ങൾ അത്തരം മാലിന്യങ്ങൾ ശാസ്ത്രീയമായും സുരക്ഷിതമായും KEIL ന്റെ ലാന്റ് ഫില്ലിംഗിൽ നിക്ഷേപിച്ച് നിർമ്മാർജ്ജനം ചെയ്യുന്ന പരിപാലന ഏജൻസികളിലൂടെ സുരക്ഷിതമായി ചരക്കുനീക്കം നടത്തി നിർമ്മാർജ്ജനം ചെയ്യാവുന്നതാണ്. ഇതിനായി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇവയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ കരാർ ധാരണകൾ ഉണ്ടാക്കിയിരിക്കണം.

നിയമപരമായ ഇടപെടലുകൾ

- പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്ത് ഗാർഹിക അപകടകര മാലിന്യ പരിപാലന നയം സർക്കാർമേഖലകളിൽ രൂപപ്പെടുത്തി ജനങ്ങളുടെ അറിവിലേയ്ക്കായി ബോധവൽക്കരണം നടത്തും.
- സംസ്ഥാന അപകടകര മാലിന്യനയത്തിൽ ഇത്തരം മാലിന്യങ്ങൾ ഉൾപ്പെടുന്നവ സംബന്ധിച്ചും ഇതിന്റെ നിർവ്വചനം സംബന്ധിച്ചും വ്യക്തമായി പ്രതിപാദിച്ചിരിക്കണം.

2.8 തരംതിരിക്കാത്ത മാലിന്യങ്ങളും പരമ്പരാഗത മാലിന്യങ്ങളും

2.8.1 സാനിട്ടറി ലാന്റ് ഫില്ലിംഗ് നയങ്ങൾ പിന്തുടരാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുറസായ സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുകയും കാലക്രമേണ അവ കൂടികലരുകയും ചെയ്യുന്നതിന് ലെഗസി വേസ്റ്റ് എന്നുപറയുന്നു.

2.8.2 പരിഹാരം

ഖരമാലിന്യ സംസ്കരണ നിയമം 2016 ലെ ഉപനിയമം 15 (zj) പ്രകാരം തദ്ദേശസ്ഥാപനങ്ങൾ കാലപ്പഴക്കം ചെന്ന തുറസായ സ്ഥലങ്ങളിലുള്ള മാലിന്യ നിക്ഷേപം കണ്ടെത്തുകയും അവിടെ ബയോ മൈനിംഗ് അഥവാ ബയോ റെമഡിയേഷൻ പോലുള്ള സാധ്യതകൾ പ്രാവർത്തി കമാക്കുന്നതിന് പഠനം നടത്തേണ്ടതുമാണ്. ഉപനിയമം 15 (zk) പ്രകാരം പരിസ്ഥിതിയ്ക്ക് ദോഷം വരാത്തവിധം അത്തരം മാലിന്യകൂമ്പാരങ്ങൾ മേൽപ്പറഞ്ഞ സാധ്യതകൾ പ്രാവർത്തികമല്ലാത്ത പക്ഷം സാനിട്ടറി ലാന്റ് ഫില്ലിംഗിലൂടെ പരിഹാരം കണ്ടെത്തേണ്ടതാണ്. അനുബന്ധം 1 ലെ ഉപനിയമം (j) പ്രകാരം ക്യാപ്പിംഗ് സാനിട്ടറി ലാന്റ് ഫില്ലിംഗ് ഒന്നാമത്തെ പരിഗണന അല്ലെങ്കിൽ പല തദ്ദേശസ്ഥാപനങ്ങളും കൂടികലർന്ന മാലിന്യ കൂമ്പാരങ്ങളുടെ സംസ്ക്കരണത്തിന് അത് പിന്തുടരുന്നതായി കാണുന്നു.

2.8.3 ആസൂത്രണം

മാലിന്യകൂമ്പാരങ്ങളുടെ സംസ്കരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ : കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CBCB) ഇറക്കിയ സുരക്ഷിതമായ സംസ്കരണത്തിനുള്ള നിർദ്ദേശങ്ങളും നയങ്ങളും അനുസരിച്ചായിരിക്കണം തദ്ദേശസ്ഥാപനങ്ങൾ ബയോമൈനിംഗും ബയോ

റെമഡിയേഷനുമുള്ള നടപടികൾ ആസൂത്രണം ചെയ്യേണ്ടത്. നിലവിൽ സംസ്ഥാനങ്ങൾ കണ്ടെത്തിയിട്ടുള്ള മേൽപ്പറഞ്ഞ മാലിന്യകൂമ്പാരങ്ങളെ കുറിച്ച് പഠിക്കുകയും അവയുടെ ശാസ്ത്രീയവും സുരക്ഷിതവുമായ ബയോറെമഡിയേഷൻ ശുപാർശ ചെയ്യുകയുമുണ്ടായി.

പ്രാവർത്തികമാക്കൽ : തദ്ദേശസ്ഥാപനങ്ങളുടെ തീരുമാനത്തിൻപ്രകാരം ശുചിത്വമിഷൻ കാലപ്പഴക്കം ചെയ്ത മാലിന്യകൂമ്പാരങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും (സ്ഥല നിർണ്ണയം, മാലിന്യത്തിന്റെ അളവ്) ടെണ്ടർ പോലുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ശുചിത്വമിഷൻ ടെണ്ടർ ക്ഷണിച്ച് ബിഡറെ തെരഞ്ഞെടുക്കുകയും ബയോമൈനിംഗ്/ബയോറെമഡിയേഷൻ എന്നിവ ഫലപ്രദമായി നടത്തുന്നതിനായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. തദ്ദേശസ്വയംഭരണതലത്തിൽ സൂപ്പർ വിഷൻ കമ്മറ്റി രൂപീകരിച്ച് ഈ പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കേണ്ടതാണ്. താരതമ്യേന ചെറിയ ഡംബ്സൈറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ തന്നെ നിയമാനുസൃത ബയോമൈനിംഗ്/ ബയോറെമഡിയേഷന് വിധേയമാക്കേണ്ടതാണ്.

നയപരമായ തീരുമാനങ്ങൾ : മേൽപ്പറഞ്ഞ മാലിന്യ കൂമ്പാരങ്ങളുടെ സംസ്കരണത്തിന് ഉതകുന്ന ബയോ റെമഡിയേഷൻ പോലുള്ള ഉപാധികൾ ഒറ്റത്തവണ നടപ്പിലാക്കേണ്ടതും അതുവഴി സംസ്ക്കരിച്ചെടുക്കുന്ന സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

അനുബന്ധം 1, എച്ച് (2) പ്രകാരം അത്തരം സംസ്കരിച്ച സ്ഥലങ്ങൾ തുടർന്നുള്ള 15 വർഷമെങ്കിലും ജനവാസയോഗ്യമല്ലാതാകുന്നു.

ബയോറെമഡിയേഷനിലൂടെ വീണ്ടെടുക്കുന്ന സ്ഥലത്ത് ഉണ്ടാകുന്ന മാലിന്യം കലർന്ന ജലവും (ലീച്ചേറ്റ്) അപകടകരമായ രീതിയിൽ ഉല്പാദിപ്പിക്കുന്ന വിവിധതരം വാതകങ്ങളുമാണ് ഇതിന് കാരണം. സ്റ്റേഡിയം/ഗ്രൗണ്ട് നിർമ്മിക്കൽ പാർക്കുകൾ, പൂന്തോട്ടങ്ങൾ, പാർക്കിംഗ് ലോട്ടുകൾ, ഗോഡൗണുകൾ, എന്നിവ നിർമ്മിക്കലാണ് മറ്റുപാധികൾ. ഇത്തരം സ്ഥലങ്ങളിൽ ജനവാസമില്ല എന്നുള്ളതും ജീവനക്കാർ രാപ്പകൽ ജോലി ചെയ്യുന്നില്ല എന്നുള്ളതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.